മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*541)

## പാർപ്പിട പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പട്ടയം

1 (*541) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പാർപ്പിട പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) കേരള ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയ രാജീവ് ഗാന്ധി ദശലക്ഷം പാർപ്പിട പദ്ധതിയിലെ താമസക്കാർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ;

(സി) സുനാമി ദുരന്തത്തിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി നിർമ്മിച്ച വീടുകൾ ഉൾപ്പെടുന്ന റസിഡൻഷ്യൽ

പ്ലോട്ടുകളുടെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ;

(ഡി) കോട്ടയം ജില്ലയിലെ പമ്പാവാലി, എയ്ഞ്ചൽവാലി നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പാർപ്പിട പദ്ധതി-

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് 'ലക്ഷംവീട് പദ്ധതി', 'ഗ്രാമീണ ഭൂരഹിത ഭവന പദ്ധതി' എന്നീ പദ്ധതികൾക്ക് കീഴിൽ 'അനുവാദപത്രിക' എന്ന പേരിൽ രേഖ നൽകി ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറിവരുന്നുണ്ട്. ഇത്തരത്തിലുള്ള ഭൂമി പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വാങ്ങിയതോ പൗരന്മാർ തദ്ദേശ സ്ഥാപനങ്ങൾക്ക് സൗജന്യമായി നല്കിയതോ വിപണിമൂല്യം ഈടാക്കിയതോ അല്ലാതെയോ സർക്കാർ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറി നൽകുന്നതോ ആണ്. പ്രസ്തുത ഭൂമിയിലുള്ളവർക്ക് പട്ടയം നൽകുന്നതിന് ഈ ഭൂമി

സർക്കാരിലേക്ക് വിട്ടൊഴിയേണ്ടതായിട്ടുണ്ട്. എന്നാൽ നിലവിലുള്ള പഞ്ചായത്ത്‌രാജ്/നഗരപാലിക നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം ഭൂമികൾ വിൽക്കാനോ പാട്ടത്തിന് നൽകാനോ മാത്രമേ സാധിക്കുകയുള്ളൂ. അതിനാൽ ഇത്തരം ഭൂമികൾ വിട്ടൊഴിയുന്നതിന് അധികാരം നൽകുന്ന തരത്തിൽ പഞ്ചായത്ത് രാജ്/നഗരപാലിക ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാനും ആയത് നടപ്പാക്കുന്നത് സംബന്ധിച്ചും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയമം, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിമാരുടെ ഒരു സമിതി രൂപീകരിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 03-07-2024-ന് ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

<u>രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിലെ പട്ടയം</u>

കേരള ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് രാജീവ് ദശലക്ഷം പദ്ധതി പ്രകാരം വീട് നിർമ്മിച്ച സ്ഥലത്തിന് പട്ടയം നൽകേണ്ടതുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ

ജില്ലകളാണ് ടി പദ്ധതിയിലുൾപ്പെട്ടിരിക്കുന്നത്. ടി പദ്ധതി പ്രകാരം വീടുകൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഹൗസിംഗ് ബോർഡിൽനിന്നും ഭൂമി വിട്ടൊഴിയൽ നടപടികൾ ത്വരിതപ്പെടുത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലകൾക്ക് ലാൻഡ് റവന്യൂ കമ്മീഷണർ കർശന നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിലുൾപ്പെട്ട ജില്ലകളിൽ തുടർനടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഇതുവരെ 671 പട്ടയങ്ങൾ ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.

<u>സുനാമി പുനരധിവാസ പദ്ധതി പ്രകരമുള്ള പട്ടയങ്ങളുടെ പുരോഗതി</u>

സുനാമി ഹൗസിംഗ് പ്രോജക്ടിന്റെ ഭാഗമായി സ്വകാര്യ ഭൂമി സർക്കാർ വിലക്ക് വാങ്ങി/ഏറ്റെടുത്ത് അതിൽ വീട്/ഫ്ലാറ്റ് നിർമ്മിച്ച് സുനാമിബാധിതരെ പുന:രധിവസിപ്പിച്ചിട്ടുള്ളതും സുനാമി പുന:രധിവാസ പദ്ധതിപ്രകാരം നിർമ്മിച്ചുനൽകിയിട്ടുള്ള വീടുകളിൽ സ്ഥിരമായി താമസിക്കുന്ന കുടുംബങ്ങൾക്ക് അർഹത ഉറപ്പാക്കി പട്ടയം നൽകുന്ന പ്രവൃത്തിയാണിത്. വ്യക്തിഗത

വീടുകളിൽ താമസിക്കുന്ന അർഹരായവർക്ക് പട്ടയം നൽകിവരികയാണ്. എന്നാൽ ഇത്തരത്തിൽ പട്ടയം ലഭിച്ചവരിൽനിന്ന് രജിസ്റ്റർ ചെയ്ത ആധാരം വഴിയല്ലാതെ വസ്തു ലഭിച്ച ചുരുക്കം ചില കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. അത്തരക്കാരുടെ യോഗ്യത പരിശോധിച്ച് ചട്ടപ്രകാരം പട്ടയം നൽകുന്നതാണ്. എന്നാൽ സുനാമി പുന:രധിവാസ ഫ്ലാറ്റുകളിൽ താമസിക്കുന്നവർക്ക് ഇനിയും പട്ടയം നൽകേണ്ടതായിട്ടുണ്ട്. ഫ്ലാറ്റ് നിൽക്കുന്ന ഭൂമി കൂട്ടവകാശമായി പട്ടയം നൽകുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ 2982 പട്ടയങ്ങൾ സുനാമി പുന:രധിവാസ പദ്ധതിപ്രകാരം ലഭിച്ച വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം-2 ആയി ചേർക്കുന്നു.

<u>ഫിഷറീസ്, പട്ടികജാതി പട്ടികവർഗ്ഗ തുടങ്ങിയ വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതികൾ</u>

ഫിഷറീസ്-പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ ഉൾപ്പെടെ വിവിധ സർക്കാർ വകുപ്പുകൾ നിർമ്മിച്ചുനൽകിയ വീടുകളിലെ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി പ്രസ്തുത വകുപ്പുകളുടെ നിരാക്ഷേപപത്രംമാത്രം മതിയാകും. ബഹുമാനപ്പെട്ട

ഫിഷറീസ് വകുപ്പുമന്ത്രിയുമായി ഇക്കാര്യത്തിൽ കൂടിയാലോചന നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു SOP തയ്യാറാക്കി തുടർനടപടികൾ വേഗത്തിലാക്കും.

(ബി) 12-05-2023-ലെ സ.ഉ. (സാധാ) 1840/2023/റവ. പ്രകാരം രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിപ്രകാരം കേരള ഭവന നിർമ്മാണ ബോർഡ് വീടുകൾ നിർമ്മിച്ചതും ഗുണഭോക്താക്കൾ ദാനാധാരം രജിസ്റ്റർ ചെയ്ത് വാങ്ങാത്തതുമായ ബോർഡ് വകഭൂമി 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം ഹൗസിംഗ് ബോർഡ് വിട്ടൊഴിഞ്ഞ് നൽകുന്നമുറയ്ക്ക് റവന്യൂ പുറമ്പോക്കിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

രാജീവ് ദശലക്ഷം പദ്ധതിയിൽ ഉൾപ്പെട്ട ജില്ലകളിൽ സ്വീകരിച്ചിട്ടുള്ള വിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.

(സി) സുനാമി പുന:രധിവാസവുമായി ബന്ധപ്പെട്ട് ജില്ലകളിൽ സ്വീകരിച്ച നടപടി വിവരങ്ങൾ അനുബന്ധം-4 ആയി ചേർക്കുന്നു.

(ഡി) 07-12-2021-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതലയോഗം ചേരുകയും ഈ യോഗത്തിൽ നിലവിൽ കോട്ടയം ജില്ലയുടെ ഭാഗമായുള്ള പമ്പാവാലി, ഏയ്ഞ്ചൽവാലി പ്രദേശങ്ങളിലെ റീസർവ്വെ പൂർത്തിയാക്കി ഈ പ്രദേശങ്ങൾ കോട്ടയം ജില്ലയിൽ ഉൾപ്പെടുത്തി കരം അടയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ പഴയ സർവ്വെ നമ്പർ പ്രകാരം പട്ടയം നൽകുന്നതിന് ഭൂമിയിൽ പരിശോധിച്ചതിൽ ടി നമ്പർ പ്രകാരമുള്ള സ്കെച്ചിന് കൃത്യതയില്ലെന്നും ഭൂമിയിലെ അളവുകളുമായി യോജിക്കുന്നില്ലായെന്നും കണ്ടെത്തി. പഴയ സർവ്വെ നമ്പർ പ്രകാരമുള്ള സ്കെച്ച് അടിസ്ഥാന രേഖയാക്കി നൽകിയ പട്ടയം തിരുത്തേണ്ടതായി കണ്ട സാഹചര്യത്തിൽ നിലവിൽ പമ്പാവാലി-എയ്ഞ്ചൽവാലി പ്രദേശങ്ങൾ ആധുനിക സർവ്വെ ഉപകരണങ്ങളുടെ സഹായത്തോടുകൂടി റീ-സർവ്വെ നടത്തി പുതിയ റീ-സർവ്വെ നമ്പർ നൽകി സ്കെച്ച് തയ്യാറാക്കുകയും ഈ റീ-സർവ്വെ നമ്പർ പ്രകാരം പട്ടയം അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 2016-ൽ പമ്പാവാലി-എയ്ഞ്ചൽവാലി പ്രദേശങ്ങളിൽ അനുവദിച്ച

പിശകുള്ള പട്ടയങ്ങൾ റദ്ദുചെയ്ത് കൃത്യതയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ പുതിയ പട്ടയങ്ങൾ നല്കുന്നതിന് 29-04-2023-ലെ സ.ഉ.(കൈ) നമ്പർ 92/2023/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ച് നിലവിൽ 1032 പട്ടയങ്ങൾ നൽകിയിട്ടുള്ളതുമാണ്. 500-ഓളം പട്ടയങ്ങൾകൂടി കൊടുത്ത് പൂർത്തീകരിക്കാനുണ്ട്. രേഖകൾ ലഭ്യമാകുന്നമുറയ്ക്ക് 2024-ൽ തന്നെ പൂർത്തീകരിക്കാവുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, തദ്ദേശസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള തനത് ഭൂമിയിൽ ആളുകൾക്ക് വിവിധ പദ്ധതികളുടെ ഭാഗമായി ഭൂമിയും വീടും നൽകിയവർക്കുള്ള പട്ടയവും അതോടൊപ്പം തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള സ്ഥലത്ത് വീടുവച്ച് താമസിക്കുന്ന ഭൂരഹിതരായ ആളുകൾക്കുള്ള പട്ടയവും കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകപ്പെട്ട ഭൂമിയുമായി ബന്ധപ്പെട്ട് രണ്ട് പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചത്. അത് രണ്ടും പ്രധാനപ്പെട്ടതാണ്. അതിലൊന്ന്, തനത് ഭൂമിയാണ്.

ലക്ഷം വീട് കോളനികൾ അതായത് ഇപ്പോൾ നഗറുകൾ എന്നറിയപ്പെടുന്ന ലക്ഷം വീടുകളും പാർപ്പിട സമുച്ചയങ്ങളും ഇതിലുൾപ്പെടുന്നുണ്ട്. എന്നാൽ ഇവർക്ക് പട്ടയം നൽകണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി സർക്കാരിന് വിട്ടൊഴിഞ്ഞ് നൽകണം. റവന്യൂ വകുപ്പിൽ വിട്ടൊഴിയലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ മാനുവൽ അനുസരിച്ച് കയ്യൊഴിയലുമായിട്ടുള്ള ഈ പ്രശ്നം, ദീർഘമായ ഒരു വിഷയമായി നിൽക്കുകയാണ്. സർക്കാരിന്റെ അനുമതിയോടെ വിൽപ്പനമൂല്യം കയ്യൊഴിയണമെന്നാണ് വ്യവസ്ഥയിൽ പറഞ്ഞിട്ടുള്ളത്. സർക്കാരിലേക്ക് കയ്യൊഴിയാമെന്ന് പ്രത്യേക വ്യവസ്ഥയില്ല. ഇത് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 03-07-2023-ന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും ഇക്കാര്യത്തിൽ അടിയന്തരമായ ചട്ടഭേദഗതി കൊണ്ടുവരാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ആ യോഗത്തിൽ സൂചിപ്പിക്കുകയും ചെയ്തിരുന്നു. കേരളത്തിൽ 25000-ലധികം പേർക്ക് ഇത്തരത്തിൽ പട്ടയം നൽകാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്.

ആ നടപടിയിലേക്ക് കേരളത്തിലെ ഗവൺമെന്റ് നീങ്ങുകയാണ്. രണ്ടാമത്, പഞ്ചായത്തിരാജ് ആക്റ്റിലെ 279-ാം വകുപ്പിൽ പറഞ്ഞതുപോലെ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മേച്ചിൽപ്പുറങ്ങൾ, സ്മശാനങ്ങൾ, വണ്ടിത്താവളങ്ങൾ തുടങ്ങി പൊതുആവശ്യങ്ങൾക്ക് നീക്കിവച്ചിട്ടുള്ള സ്ഥലങ്ങളുടെ നിയന്ത്രണാധികാരം ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പഞ്ചായത്തുകൾക്ക് ഭൂമിയിലുള്ള നിയന്ത്രണാധികാരം വിജ്ഞാപനംവഴി സർക്കാരിന് റദ്ദാക്കാനുള്ള അനുവാദമുണ്ട്. പക്ഷേ പഞ്ചായത്ത് കമ്മിറ്റികൾ ഇത്തരത്തിലുള്ള വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിനായി പ്രമേയം പാസ്സാക്കി എൻ.ഒ.സി.-യുമായി അത് തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അയയ്ക്കണം. ഇക്കാര്യങ്ങൾ ദീർഘകാലമായി തദ്ദേശസ്വയംഭരണ വകുപ്പിലും റവന്യൂ വകുപ്പിലുമായി കെട്ടികിടക്കുന്നൊരു പ്രശ്നമുണ്ട്. അതുകൊണ്ട് മേൽസൂചിപ്പിച്ച ചട്ടത്തിൽ, സർക്കാരിന് ഇത്തരത്തിലുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 03-07-2023-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച് അങ്ങനെ

ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനായി ജില്ലാ കളക്ടർക്ക് പ്രത്യേക അധികാരം നൽകാമെന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ പട്ടയം മിഷനിൽ, പട്ടയ ഡാഷ് ബോർഡിൽ വന്ന ഏറ്റവും വലിയ പ്രശ്നമാണ്. പഞ്ചായത്തുകൾ എൻ.ഒ.സി. നൽകിയാലും സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടേറിയറ്റിലേയ്ക്ക് വരണം. ബഹുമാനപ്പെട്ട മന്ത്രിയുടെ അനുവാദത്തോടുകൂടി ഇനിയത് ജില്ലാ കളക്ടർക്ക് നൽകാവുന്ന വിധത്തിൽ ഭേദഗതി വരുത്തിയാൽ ഈ പ്രശ്നങ്ങളെല്ലാം ജില്ലയിൽത്തന്നെ പരിഹരിച്ച് നമുക്ക് വേഗത്തിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വളരെ വേഗത്തിൽ പട്ടയം കൊടുത്തുകൊണ്ടിരിക്കുന്ന അങ്ങയെയും സർക്കാരിനെയും അഭിനന്ദിക്കുകയാണ്. പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഏതാണ്ട് എല്ലാവർക്കും പട്ടയം ലഭിക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ കൊപ്പം ഗ്രാമപഞ്ചായത്തിലെ കമ്പനിപറമ്പ് പുറമ്പോക്കിൽ ദീർഘകാലമായി താമസിക്കുന്ന ആളുകൾക്ക്, ആ സ്ഥലം ഇൻഡസ്ട്രിയൽ വകുപ്പിന്റെ ഭാഗത്താണെന്നുള്ളതുകൊണ്ട് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല.

അതോടൊപ്പം മുതുതല ഗ്രാമപഞ്ചായത്തിലെ കൊട്ടുമുണ്ടം കടവ് പ്രദേശം റീ-സർവ്വെയിൽ പി.ഡബ്ല്യു.ഡി.-യുടെ സ്ഥലമായി മാറി, പക്ഷേ അത് പി.ഡബ്ല്യു.ഡി-യുടെ സ്ഥലമല്ലെന്നാണ് പറയുന്നത്. അവർ നേരത്തെ നികുതി അടച്ചിരുന്നു. അവർക്ക് ഇപ്പോൾ നികുതി അടയ്ക്കാനും കഴിയുന്നില്ല, പട്ടയവും കിട്ടിയിട്ടില്ല. ഈ രണ്ട് വിഭാഗക്കാർക്ക് പട്ടയം ലഭ്യമാക്കാനും അതുപോലെ മറ്റ് അനുമതികൾ ലഭിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട രണ്ട് പ്രശ്നങ്ങളാണ്. ആ രണ്ട് പ്രശ്നങ്ങളും അദ്ദേഹംതന്നെ പട്ടയ റവന്യൂ അസംബ്ലിയിൽ ഉന്നയിച്ചതിനനുസരിച്ച് പട്ടയ ഡാഷ് ബോർഡിൽ വന്നിട്ടുണ്ട്. അത് തീർച്ചയായും വേഗതയിൽ പരിഗണിക്കാനും പരിഹരിക്കാനുമുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. ഈ സഭതന്നെ അറിഞ്ഞിരിക്കേണ്ട വളരെ പ്രസക്തമായിട്ടുള്ള, പ്രധാനപ്പെട്ട പ്രശ്നമാണ് അദ്ദേഹം സൂചിപ്പിച്ചത്. പട്ടയം കൊടുക്കാൻ ഉത്തരവാദിത്വപ്പെട്ട വകുപ്പ് റവന്യൂ വകുപ്പാണെങ്കിലും, റവന്യൂ വകുപ്പിന്റെ അധീനതയിലല്ലാത്ത ധാരാളം സ്ഥലങ്ങളുണ്ട്. ഉദാഹരണത്തിന്,

നേരത്തെ ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, മറ്റ് വകുപ്പുകളുടെ പുറമ്പോക്ക് എന്ന രേഖപ്പെടുത്തിയ സ്ഥലങ്ങളുണ്ടാകും. അത്തരം സ്ഥലങ്ങളിൽ ആ വകുപ്പുകൾ റവന്യൂ വകുപ്പിലേക്ക് അവരുടെ പേരിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂമി ഡിവെസ്റ്റ് ചെയ്താൽ മാത്രമെ ആ പ്രയാസങ്ങൾ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. കനാൽ പുറമ്പോക്ക്, റോഡ് പുറമ്പോക്ക് തുടങ്ങിയ ധാരാളം പ്രശ്നങ്ങൾ ഇക്കാര്യത്തിലുണ്ട്. ഗവൺമെന്റ് പട്ടയം മിഷന്റെ അപെക്സ് ബോഡി എന്ന നിലയിൽ ചീഫ് സെക്രട്ടറി ചെയർമാനായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായി ഏഴോളം വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറിമാർ അംഗങ്ങളുമായി ഈ നടപടികൾ വേഗത്തിൽ തീർക്കാൻവേണ്ടിയിട്ടുള്ള ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ മറ്റ് വകുപ്പുകളിൽ നിക്ഷിപ്തമാക്കപ്പെട്ട ഭൂമികൂടി അവർക്ക് ആവശ്യമില്ലായെങ്കിൽ അത് സർക്കാരിലേക്ക് നൽകാനും വർഷങ്ങളായി താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യാനുമുള്ള തീരുമാനമെടുത്തിട്ടുണ്ട്. കമ്പനി പുറമ്പോക്കും മുതുതലയിലെ ഭൂമിയുമൊക്കെ അതിന്റെ ഭാഗമാണ്.

അതിവേഗതയിൽ അത് കൈമാറാനുള്ള നടപടി സ്വീകരിക്കുമെന്ന് അങ്ങയെ അറിയിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, കടമെടുത്ത് ബുദ്ധിമുട്ടുന്നവരെ ആർ.ആർ. ഭേദഗതിയിലൂടെ സഹായിക്കാൻ ഈ നിയമസഭയിൽ തീരുമാനിച്ചതിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. വനഭൂമിയിൽ കുടിയേറിയവർക്ക് കേന്ദ്ര വന നിയമത്തിൽ 2023-ൽ കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ പട്ടയം കൊടുക്കാൻ കഴിയുമോ?

ശ്രീ. കെ. രാജൻ: സർ, കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റേതായിട്ടുള്ള നിയമങ്ങളെല്ലാം പരിഷ്ക്കരിക്കുകയാണ്. പരിഷ്ക്കരിക്കുന്ന ഘട്ടത്തിൽ അതിന്റെ പേരുകൾകൂടി മാറ്റുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച, ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് ഇപ്പോൾ 'വൻ(സംരക്ഷൺ ഏവം സംവർധൻ) അധിനിയം' എന്ന പേരിൽ ഗവൺമെന്റ് ഭേദഗതി വരുത്തുകയും ഡിസംബർ 1-ന് നോട്ടിഫൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. 12-12-1996-നുമുമ്പ് വനേതരാവശ്യങ്ങൾക്കുവേണ്ടി കൈമാറിയ ഭൂമി ഇനി പ്രത്യേകമായി ഏതെങ്കിലും വിധത്തിലുള്ള ടോപ്പോ ഷീറ്റിൽ രേഖപ്പെടുത്തി

പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതില്ല, അത് ഇവിടെതന്നെ കൊടുക്കാമെന്നുള്ള വിധത്തിൽ ഒരു നിർദേശം അതിന്റെ 4(1)എ ആയി ഉന്നയിച്ചിട്ടുണ്ട്. ഗ്രോ മോർ ഫുഡ് പദ്ധതിക്കായി പല ജില്ലകളിലും 1940-കളിൽതന്നെ ഭൂമി കൈമാറ്റപ്പെട്ട അനുഭവമുണ്ട്. 1973-ൽ 209/73-ാം നമ്പർ നടപടിയിലൂടെ കൈമാറിയ ഹിൽമെൻ സെറ്റിൽമെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ഇങ്ങനെ വനേതരാവശ്യങ്ങൾക്കുവേണ്ടി 12-12-1996-മുമ്പ് കൈമാറിയിട്ടുള്ള ഭൂമികൾ ഇവിടെ കൊടുക്കാമെന്ന ഈ ഭേദഗതി ഉപയോഗപ്പെടുത്തിക്കൊണ്ട് പരാമവധി ആളുകൾക്ക് കേന്ദ്രത്തിൽ പോകാതെ ഇവിടെതന്നെ കൊടുക്കാനുള്ള നടപടിക്രമങ്ങൾ എടുക്കുകയാണ്. മലയോര മേഖലയിൽ ഒരു വലിയ മാറ്റം ഇതുമൂലമുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, സുനാമി ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സർക്കാർ സുനാമി വീടുകൾ നൽകിയിരുന്നു. എന്നാൽ ഈ വീടുകളുടെ ഇപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമാണ്. എന്റെ നിയോജകമണ്ഡലത്തിലെ റിയാട്, ഇടവലങ്ങ്, മതിലകം, പെരിഞ്ഞനം പഞ്ചായത്തുകളിൽ ഏകദേശം 200-ഓളം സുനാമി വീടുകളുടെ സമുച്ചയങ്ങളുണ്ട്.

അവിടെ മഴക്കാലങ്ങളിലൊക്കെ വളരെ ഗുരുതരമായ സ്ഥിതിയാണ് അഭിമുഖീകരിക്കേണ്ടി വരുന്നത്. ഇതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി പ്രത്യേകമായ ഫണ്ട് അനുവദിക്കുമോ? ആ വീടുകളിൽ ചിലർക്ക് പട്ടയം ലഭിച്ചിട്ടില്ല, അത് പരിഹരിക്കാനുള്ള നപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നൽകാൻ അന്ന് വലിയൊരു നടപടിയാണുണ്ടായത്. റവന്യൂ ഭൂമി കിട്ടിയവർക്കും അല്ലാത്തവർക്കും ഗവൺമെന്റ് വീട് വച്ചത്, മറ്റ് വകുപ്പുകൾ വീട് വച്ചത്, സി.എസ്.ആർ. ഫണ്ടിലൂടെ വീടുകൾ പണിതത്, യഥാർത്ഥത്തിൽ അത് കേരളം ഒറ്റക്കെട്ടായി നടത്തിയ വലിയൊരു ദുരന്തനിവാരണ പ്രവർത്തനമായിരുന്നു. ഇങ്ങനെയുള്ള ഭൂമികളിൽ റവന്യൂമായി ബന്ധപ്പെട്ടതും മറ്റ് വകുപ്പുകളിൽനിന്ന് കയ്യൊഴിഞ്ഞ് നൽകിയതുമായിട്ടുള്ള ഭൂമിയിൽ പട്ടയം നൽകാനുള്ള എല്ലാ നടപടികളും ഇപ്പോൾ പൂർത്തികരിച്ചിട്ടുണ്ട്. അങ്ങയുടെ മണ്ഡലത്തിലും അത് നടത്തിയിട്ടുണ്ട്. ആർക്കെങ്കിലും ഇനി ലഭിക്കാനുണ്ടെങ്കിൽ അപേക്ഷ നൽകിയാൽ അത് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കാൻ കഴിയും. അതോടൊപ്പം ഇത്തരം സ്ഥലങ്ങളിൽ ഫ്ലാറ്റുകൾ

നിർമ്മിച്ചിട്ടുണ്ട്. ആ ഫ്ലാറ്റുകൾ അൺ-ഡിവൈഡഡ് ഷെയർ എന്ന വിഭാഗത്തിൽപ്പെടുത്തി അതിന്റെ ഉടമസ്ഥാവകാശം സുനാമി ദുരന്തത്തിനിരയായ ഇപ്പോൾ താമസിക്കുന്ന ആളുകൾക്കുതന്നെ നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. വീടുകൾ കൈമാറിക്കഴിഞ്ഞാൽ അതിന്റെ മെയിന്റനൻസ് അന്നത്തെ പദ്ധതിപ്രകാരം നടപടിക്രമങ്ങളുടെ ഭാഗമായി വന്നിട്ടില്ല. എന്നാൽ പിന്നീട് മാലിന്യനിർമ്മാജ്ജനം, സെപ്റ്റിക് ടാങ്ക് കവിഞ്ഞൊഴുകിയിട്ടുള്ള മാലിന്യ സംസ്കരണം, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിനെയും കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പിനെയും ഏൽപ്പിച്ചുകൊണ്ട് 12-02-2019-ൽ 97/2019 ഡി.എം.ഡി. എന്ന ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനുശേഷം 03-07-2020-ൽ 592/2020 ഡി.എം.ഡി. പ്രകാരം സുനാമി വീടുകളുടെയും ഫ്ലാറ്റുകളുടെയും പരിപാലന ചുമതലയും ഏൽപ്പിച്ചിരുന്നു. എങ്കിലും ചില പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് ഇതുമായി ബന്ധപ്പെട്ട മെയിന്റനൻസിനുള്ള പദ്ധതികൾ അവരുടെ വകുപ്പുകളെക്കൂടി

ഉൾപ്പെടുത്തികൊണ്ട് നടത്താമോയെന്ന് പരിശോധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ അങ്ങയുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

ശ്രീ. സി. സി. മുകുന്ദൻ: സർ, എന്റെ നിയോജകമണ്ഡലം കടൽത്തീരവുമായി ബന്ധപ്പെട്ടതാണ്. കടൽത്തീരത്തുനിന്നും വളരെയധികം ദൂരം മാറി വീടുവച്ച് താമസിക്കുന്നവരാണെങ്കിലും കടൽ പുറമ്പോക്കെന്ന് റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയതുമൂലം പട്ടയം ലഭിക്കാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ളതും വനഭൂമിയോട് ചേർന്ന് കിടക്കുന്നതുമായ പ്രദേശങ്ങളിലെ ഭൂമിയുടെ പട്ടയ വിതരണം ചെയ്യുന്നതിനുള്ള അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം വളരെ സമൃദ്ധമായി രണ്ട് ചോദ്യങ്ങൾ ചോദിച്ചു. രണ്ടിനും ഉത്തരം പറയാവുന്നതാണ്. കടൽ പുറമ്പോക്ക്, സീരിയസ്സായ ഒരു പ്രശ്നമാണ്. കടൽ പുറമ്പോക്ക് എന്ന് പേര് രേഖപ്പെടുത്തിയാൽ ആ പുറമ്പോക്കിലേയ്ക്ക് ആർക്കും ഭൂമി അനുവദിച്ചുകൊടുക്കാൻ പാടില്ലായെന്ന വിധത്തിലാണ് നേരത്തെ നമ്മുടെ

വകുപ്പുകളും ഉദ്യോഗസ്ഥരും ഉൾപ്പെടെ പെരുമാറിയിരുന്നത്. ഞങ്ങൾ ഈ പ്രശ്നം പട്ടയം മിഷന്റെ ഭാഗമായി പരിശോധിച്ചപ്പോൾ, 1964-ലെ ഭൂപതിവ് ചട്ടത്തിന്റെ 11(2)(5) പ്രകാരവും കേരള മുനിസിപ്പൽ ഭൂപതിവ് ചട്ടത്തിന്റെ 6(2)(5) പ്രകാരവും കടൽത്തീരത്തിനടുത്ത് ഉയർന്ന സമുദ്രനിരപ്പിലെ 30.480 മീറ്ററിനുള്ളിലുള്ള സ്ഥലം കടൽ പുറമ്പോക്കായി പതിച്ച് കൊടുക്കാൻ പാടില്ല. അത് ഏതാണ്ട് 100 അടി വരും. ഇതിന്റെ പേരിൽ കടൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തി ഒരു സ്ഥലവും പതിച്ചുകൊടുക്കുന്ന സ്ഥിതിവിശേഷമല്ല ഉണ്ടായിട്ടുള്ളത്. കടൽക്ഷോഭത്തിനുള്ള സാധ്യതകളും പ്രദേശത്തിന്റെ പ്രത്യേകതകളും പരിശോധിച്ചശേഷം കടൽ പുറമ്പോക്കിൽ താമസിക്കുന്നവർ നേരത്തെ പറഞ്ഞ ചട്ടങ്ങളിലെ ദൂരപരിധിക്ക് പുറത്തുള്ളവരാണെങ്കിൽ അവർക്ക് കൊടുക്കാമെന്ന നിലപാടാണ് സർക്കാർ ഇപ്പോൾ സ്വീകരിക്കുന്നത്. സർവ്വേ ചെയ്ത് ഭൂമിയുടെ, സമുദ്രത്തിലെ ഏറ്റവും ഉയർന്ന ജലനിരപ്പുമായി ബന്ധപ്പെട്ട വ്യത്യാസം പരിശോധിക്കുന്നുണ്ട്. ഇതിന്റെ തുടക്കം എന്ന നിലയിൽ കൊല്ലം വെസ്റ്റ് വില്ലേജിലെ പള്ളിത്തോട്ടം അനുഗ്രഹ നഗർ, സെഞ്ച്വറി നഗർ എന്നിവിടങ്ങളിൽ കടൽ പുറമ്പോക്കിൽ താമസിച്ച

മത്സ്യത്തൊഴിലാളികളുടെ ഏതാണ്ട് 30 വർഷത്തോളമായിട്ടുള്ള പ്രശ്നം പരിഹരിച്ച് 250-ലധികം വരുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാരിന്റെ മൂന്നാം വർഷത്തിന്റെ ഭാഗമായിട്ടുള്ള നൂറുദിന പരിപാടിയിൽപ്പെടുത്തി ഒക്ടോബർ മാസത്തിനകം പട്ടയം നൽകുമെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ദുരന്തനിവാരണവുമായി ബന്ധപ്പെടുത്തി പറഞ്ഞതുകൊണ്ടാണ് വ്യക്തത വരുത്താൻവേണ്ടി ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. 2018-ലെ വെള്ളപ്പൊക്കത്തെത്തുടർന്ന് വീട് നന്നാക്കുന്നതിനുവേണ്ടി 60,000/- രൂപ മുതൽ രണ്ടരലക്ഷം രൂപവരെ കൊടുത്തു. തീരെ മോശമായ വീടുകൾക്കാണ് പണം കൊടുത്തത്. അതിനുശേഷം പിന്നീട് ആ വീടുകൾ പലതും തകർന്നുപോയി. അതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിൽ നാലുലക്ഷം രൂപ അനുവദിച്ചപ്പോൾ, നേരത്തെ കൊടുത്ത 60,000/- രൂപ മുതൽ രണ്ടരലക്ഷം രൂപവരെ കുറവ് ചെയ്തിട്ടാണ് അവർക്ക് കൊടുക്കുന്നത്. റിപ്പയറിംഗിനുവേണ്ടി കൊടുത്ത തുകയാണ്. ഞാൻ ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചപ്പോൾ

ഇനി മുതൽ ആ തുക കുറയ്ക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഉറപ്പ് തന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞിട്ടുപോലും, ദുരന്തനിവാരണത്തിന്റെ ഭാഗമായി വീട് നന്നാക്കാൻ കൊടുത്ത തുകയാണ്. വീട് ഇടിച്ച് പൊളിച്ചുകളഞ്ഞിട്ടാണ് അവിടെ വേറെ വീട് വയ്ക്കുന്നത്. അന്ന് കൊടുത്ത തുക അതിൽനിന്ന് കുറയ്ക്കരുത്. സർക്കാർതന്നെ ഇടപെട്ട് അത് തടയണം. അവർ ഏറ്റവും പാവപ്പെട്ടവരാണ്. ബാക്കി കിട്ടുന്ന ഒന്നരലക്ഷം രൂപകൊണ്ടും രണ്ടുലക്ഷം രൂപകൊണ്ടും എങ്ങനെയാണ് വീട് വയ്ക്കുന്നത്? അതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. രാജൻ:</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. പാവപ്പെട്ടവരുടെ കാര്യത്തിൽ കേരളത്തിന്റെ നിയമസഭയ്ക്ക് രാഷ്ട്രീയമില്ല, അതിൽ ഭരണപക്ഷവുമില്ല, പ്രതിപക്ഷവുമില്ല. പാവപ്പെട്ടവരെ ഏതുവിധത്തിലും സഹായിക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ അഭിപ്രായം. അങ്ങ് പറഞ്ഞ ചോദ്യത്തിന് ഉത്തരം പറയുന്നതിനുമുമ്പ് ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താം. 2018 മുതൽ 2024 വരെ ദുരന്തനിവാരണഘട്ടത്തിൽ പ്രത്യേകമായി നമുക്കൊരു അനുഭവമുണ്ട്.

സാധാരണഗതിയിൽ വീട് തകർന്നാൽ വീടുവച്ച് കൊടുക്കാനോ വീടിന്റെ മെയിന്റനൻസിനോ എസ്.ഡി.ആർ.എഫ്.-ലെ പണമാണ് ഉപയോഗിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് നന്നായിട്ട് അറിയുന്നതുപോലെ, അദ്ദേഹം ഒരുപാട് വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതിൽ നേതൃത്വം നൽകിയിട്ടുണ്ട്. 95,000 രൂപ മുതൽ 1,15,000 രൂപവരെ മാത്രമേ എസ്.ഡി.ആർ.എഫ്.-ന്റെ വീതമായി കൊടുക്കാൻ പറ്റുകയുള്ളൂ. 2018-ലെ പ്രളയമുൾപ്പെടെ അതികഠിനമായ ദുരന്തങ്ങളെല്ലാം ഉണ്ടായപ്പോൾ, കൂട്ടിക്കലിലും കൊക്കയാറിലുമുള്ള പ്രശ്നമുൾപ്പെടെ ഉണ്ടായപ്പോൾ, അതിന്റെ ഗൗരവം മനസ്സിലാക്കി എസ്.ഡി.ആർ.എഫ്.-ന്റെ വിഹിതത്തിന് പുറമെ ബാക്കി പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് കൊടുത്ത് 75 ശതമാനത്തിൽ കൂടുതൽ ബുദ്ധിമുട്ടുള്ളവർക്ക് മുഴുവൻ നാലുലക്ഷം രൂപ കൊടുത്തത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിൽ മാത്രമുള്ള പ്രത്യേകതയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നം ശരിയാണ്. മുഖ്യമന്ത്രി സഭയ്ക്കൊരു വാക്ക് കൊടുത്താൽ ആ വാക്ക് സഭ പൊതുവായി അംഗീകരിക്കുകയാണ്,

പൊതുവായി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. വി. സുമേഷ്: സർ, റവന്യൂ വകുപ്പിലെ അഴിമതി ഉൾപ്പെടെയുള്ള വിഷയങ്ങളിന്മേൽ റവന്യൂ വകുപ്പുമന്ത്രിക്ക് നേരിട്ട് പരാതി സ്വീകരിക്കാവുന്ന ഓൺലൈൻ സംവിധാനമുണ്ടോ?

ശ്രീ. കെ. രാജൻ: സർ, അഴിമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ചില ഇൻസ്പെക്ഷൻ മോഡ്യൂകൾ ഉൾപ്പെടെ തയ്യാറാക്കുകയും അതിന് പ്രത്യേകമായിട്ടുള്ള മൊഡ്യൂൾ തയ്യാറാക്കുകയും പരാതിയെന്ന പേരിൽ ഉദ്യോഗസ്ഥർക്ക് പരാതി കൊടുക്കാൻ ഒരു സംവിധാനം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോല കേരളത്തിൽ റവന്യൂ വകുപ്പുമന്ത്രിക്ക് തന്നെ നേരിട്ട് നിയന്ത്രിക്കാൻ കഴിയുന്ന വിധത്തിൽ ഒരു പുതിയ ആപ്ലിക്കേഷൻ നൂറുദിന പരിപാടിയുടെ ഭാഗമായി വരികയാണ്. അതിന്റെ ഭാഗമായി കേരളത്തിൽ ആർക്കും നിർഭയമായി അഴിമതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങൾ എഴുതി തയ്യാറാക്കി അതിലേയ്ക്ക് നൽകിയാൽ അദ്ദേഹത്തിന്റെ പേര് വെളിപ്പെടുത്താതെ, ഒരു

അപകടവുമില്ലാതെ കൃത്യമായി നടപടിയെടുക്കാനും മന്ത്രിക്കുതന്നെ നേരിട്ട് പരിശോധിക്കാനും കൃത്യമായ മറുപടി കൊടുക്കാവുന്ന വിധത്തിൽ ഇത്തരം സംഭവങ്ങൾ ഇല്ലാതാക്കാൻ മന്ത്രിക്കുതന്നെ നേരിട്ട് നിയന്ത്രിക്കാവുന്ന വിധത്തിൽ ഒരു ആപ്ലിക്കേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പട്ടയം കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് എടുത്തിരിക്കുന്ന നടപടികൾ എന്തൊക്കെയാണ്? കനാൽ പുറമ്പോക്കിൽ 50-55 വർഷമായി താമസിക്കുന്ന ആളുകളുണ്ട്. 1-1-1977-ന് ശേഷമുള്ള ആളുകൾക്കെല്ലാം പട്ടയം കൊടുക്കുന്നതിനുവേണ്ടി വനമേഖലയിൽപ്പോലും തീരുമാനമെടുത്തിട്ടുണ്ട്. കനാൽ പുറമ്പോക്കിൽ താമസിക്കുന്ന ആളുകൾ തലമുറകളായി അവിടെ താമസിച്ചിട്ടും അവർക്ക് ആ ഭൂമിയുടെ ഉടമസ്ഥാവകാശം കിട്ടുന്നില്ല. ഭൂമി അവരുടെ പേരിൽ ഇല്ലായെന്നുള്ളതുകൊണ്ട് മൂന്നുസെന്റ് ഭൂമിയിൽ ഒരു വീട് വയ്ക്കുന്നതിനുവേണ്ടിയുള്ള പണംപോലും അവർക്ക് കിട്ടുന്നില്ല. അവർക്ക് ലഭിക്കാൻ സാധ്യതയുള്ള എല്ലാ വിധത്തിലുമുള്ള ആനുകൂല്യങ്ങളും സ്വന്തം പേരിൽ ഭൂമിയില്ലായെന്നുള്ളതിന്റെ പേരിൽ കിട്ടാതെ പോകുകയാണ്.

ചിങ്ങവനത്തെ കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 38 വീടുകളുണ്ട്. എനിക്ക് കൃത്യമായി അറിയാം, അങ്ങയോട് ഞാൻ നേരിട്ട് പറഞ്ഞിട്ടുള്ളതുമാണ്. അവർക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട അംഗം എന്നെക്കാൾ ധാരണയുള്ള ആളാണ്. യഥാർത്ഥത്തിൽ പഞ്ചായത്തിരാജ് ആക്ടിന്റെ സെക്ഷൻ 218 പ്രകാരം ഇത്തരം പുറമ്പോക്കുകൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിയമപ്രകാരം നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയാണ്, വെസ്റ്റഡായിട്ടുള്ള ഭൂമിയാണ്. 1994-ൽ പഞ്ചായത്തിരാജ് ആക്ടിന്റെ ഭാഗമായിട്ടാണ് അത് വന്നിട്ടുള്ളത്. ഇപ്പോൾ ഗവൺമെന്റ് വളരെ പോസിറ്റീവായ നിലപാടാണ് ഈ കാര്യങ്ങളിലെടുക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ, ഇതൊരു സാമൂഹ്യപ്രശ്നമായി മാറിയിരിക്കുകയാണ്. നേരത്തെ കനാൽ പുറമ്പോക്ക് നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഇറിഗേഷൻ വകുപ്പിന് കൈമാറപ്പെട്ട പല സ്ഥലങ്ങളിലും ഇപ്പോൾ പി.വി.ഐ.പി.-യുടെ പ്രശ്നം ഉന്നയിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പുനലൂർ അംഗംതന്നെ കെ.ഐ.പി.-യുമായി ബന്ധപ്പെട്ട പ്രശ്നം

ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ഞങ്ങൾ പുനലൂരിലെ ഒരു സ്ഥലം പരിശോധിച്ചപ്പോൾ ഏതാണ്ട് സ്ഥാപിതമായിട്ടുള്ള ഡാമിനെക്കാൾ 500 മീറ്റർ അപ്പുറത്ത്, ഏതാണ്ട് അരകിലോമീറ്റർ അപ്പുറത്ത് താമസിക്കുന്ന ആളുകളാണ് കനാൽ പുറമ്പോക്ക് എന്ന പേരിൽപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി രണ്ടുതവണ ഇക്കാര്യത്തിൽ ഞങ്ങൾ കൂടിയാലോചന നടത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു ആലോചനകൂടി നടത്തുന്നുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള കനാൽ പുറമ്പോക്കിന്റെ ഭാഗമായി നേരത്തെ വിട്ടുനൽകിയ ഭൂമികൾ, അവരുടെ ഉപയോഗം കഴിഞ്ഞ ഭൂമികൾ പ്രത്യേകമായി പരിശോധിച്ച് കൊടുക്കാവുന്ന കാര്യം ആലോചിക്കാം. പക്ഷെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 218 പ്രകാരം വെസ്റ്റ് ചെയ്ത ഭൂമികൾ ഏതെങ്കിലും വിധത്തിൽ മാറ്റിയെടുക്കണമെങ്കിൽ പുനർ നിക്ഷിപ്തമാക്കാനുള്ള വ്യവസ്ഥയില്ലെങ്കിലും ചട്ടഭേദഗതി നടത്താൻ ആലോചിച്ചിട്ടുണ്ട്. മൂന്നാമത്തെ കാര്യം, ജലനിർഗമന മാർഗ്ഗങ്ങളിൽനിന്ന് 11(2)(5) പ്രകാരം വ്യത്യാസമുള്ളത് അടയാളപ്പെടുത്തി അവർക്ക് പ്രത്യേകമായി കൊടുക്കാമോയെന്ന് ആലോചിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട പി. പി. ചിത്തരഞ്ജൻ എം.എൽ.എ.-യുടെ മണ്ഡലത്തിൽ അത്തരമൊരു പ്രവർത്തനത്തിന് ഇപ്പോൾ നേതൃത്വം നൽകിവരികയാണ്. അങ്ങ് ഉന്നയിച്ച പ്രശ്നം ആ അർത്ഥത്തിൽതന്നെ അർഹത പരിശോധിച്ചുകൊണ്ട് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, മണിമല വില്ലേജിലെ ഡിജിറ്റൽ സർവ്വേയ്ക്കുവേണ്ടി അനുവാദം നൽകിയതിന് പ്രത്യേകമായ നന്ദി ഞാൻ അറിയിക്കുകയാണ്. സർവ്വേ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. 868 കുടുംബങ്ങൾക്കാണ് പട്ടയമില്ലാത്തത്. അവർ 100 വർഷത്തിൽ കൂടുതലായി ഇവിടെ താമസിക്കുന്ന ആളുകളാണ്. അതുസംബന്ധിച്ച് ഒരു കേസ് സുപ്രീംകോടതിയിലുണ്ട്. ട്രാവൻകൂർ സെറ്റിൽമെന്റ് നോട്ടിഫിക്കേഷനിലുണ്ടായ ഒരു അപാകതകൊണ്ടാണ് 111/1 എന്ന സർവ്വേ നമ്പരിൽ വനവും ആളുകൾ താമസിക്കുന്ന പ്രദേശവുമെല്ലാം ഉൾപ്പെട്ടത്. സർവ്വേ പൂർത്തീകരിച്ചുകഴിഞ്ഞാൽ, ആ നോട്ടിഫിക്കേഷനകത്ത് അപാകതയുണ്ടെങ്കിൽ അത് പരിഹരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഉന്നയിച്ച പ്രശ്നം ദീർഘമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. രണ്ടുതരത്തിലുള്ള പ്രശ്നങ്ങൾ അതിനകത്തുണ്ട്. ഒന്ന്, നേരത്തെ ഇവിടെ പറഞ്ഞതുപോലെ ജന്മിയും എൽ.ടി.-യുമായി ബന്ധപ്പെട്ട് കൊടുക്കാവുന്നതാണോ എന്ന പ്രശ്നമുണ്ട്. രണ്ടാമത്, വനവുമായി ബന്ധപ്പെട്ട് കിടക്കുന്ന കാര്യമായതുകൊണ്ട് ഒരു തീരുമാനമെടുത്തപ്പോൾ വനം വകുപ്പ് സ്പെഷ്യൽ ലിവിംഗ് പെറ്റീഷനുപോയ പ്രശ്നമുണ്ട്. എന്തായാലും ഈ സർവ്വേ പൂർത്തിയാകുന്നതോടുകൂടി ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കും. ആ തീരുമാനമെടുത്തുകഴിഞ്ഞാൽ മണിമലയിലെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട കാര്യം എത്രയുംപെട്ടെന്ന് പരിഹരിക്കാൻ കഴിയുമെന്ന് ഞങ്ങൾ ഒരുമിച്ചിരുന്ന് ധാരണയുണ്ടാക്കിയതാണ്. ആ ധാരണയിൽത്തന്നെ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഒരു കാര്യം ഞാൻ സൂചിപ്പിച്ചോട്ടെ, അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഇവിടെ പറഞ്ഞതുപോലെ ഈ പ്രശ്നങ്ങളെല്ലാം സെറ്റിൽ ചെയ്യുന്നതിനുവേണ്ടി വളരെ ശ്രദ്ധേയമായ നടപടിക്രമങ്ങളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. വനഭൂമിയുമായി ചേർന്നുകിടന്നിരുന്ന, നേരത്തെ 250/73-ന്റെ

ഭാഗമായി ഒഴിവാക്കപ്പെട്ട സ്ഥലങ്ങളിൽപ്പോലും, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഉൾപ്പെടെയുള്ളവർക്ക് കൊടുത്ത ഭൂമി കൊടുക്കാൻ കഴിയാത്ത ഒരു പ്രശ്നമുണ്ടായിരുന്നു. അത് മാറ്റുന്നതിനുവേണ്ടി 2020/2020 എന്ന നിലപാടെടുത്ത് ഗവൺമെന്റ് ഉത്തരവിറക്കി ജണ്ടയോട് ചേർന്ന് ഒരേക്കർ വരെയുള്ള ഭൂമി തരിശ്, പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്, അതിന്റെ ബി.ടി.ആർ.-ൽ തെറ്റായി റിസർവ് വനം എന്ന് രേഖപ്പെടുത്തിയാൽപ്പോലും പഴയ സ്റ്റാറ്റസ് അനുസരിച്ച് പുറമ്പോക്ക്, തരിശ് എന്നുള്ളത് കണക്കാക്കി അവർക്കുതന്നെ കൊടുക്കണം എന്നുതുൾപ്പെടെ വളരെ ശ്രദ്ധേയമായിട്ടുള്ള ചട്ട നിയമഭേദഗതികളും ഗവൺമെന്റ് ഉത്തരവുകളും എടുത്തുകൊണ്ട് പട്ടയമിഷൻ മുന്നോട്ടുപോകുകയാണ്. പരമാവധി പേർക്ക് ഭൂമി കൊടുക്കാനുള്ള നടപടിയുണ്ടാകും.

## വിനോദസഞ്ചാര വികസന പദ്ധതികൾ

2 (*542) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. അബ്ദുൽ ഹമീദ്:

ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനായി കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിബന്ധന വച്ചിരുന്നുവോയെന്ന് അറിയിക്കുമോ;

(സി) വിനോദസഞ്ചാര വികസനത്തിനുവേണ്ടി നിക്ഷേപം നടത്തേണ്ട സ്ഥലങ്ങളുടെ മുൻഗണന തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദീകരിക്കുമോ?

(ഡി) പ്രസ്തുത വിഷയത്തിൽ മലബാർ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കേരളം സന്ദർശിക്കുന്ന വിദേശ/സ്വദേശ വിനോദസഞ്ചാരികൾക്ക് ലോകോത്തര നിലവാരത്തിലുള്ള സന്ദർശനാനുഭവം

പ്രദാനം ചെയ്യുന്നതിനായി വിനോദസഞ്ചാര വകുപ്പ്, വിവിധങ്ങളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

സംസ്ഥാനത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളുടെ പ്രൗഢി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നതിന്റെ ഭാഗമായി കോവളം, ശംഖുമുഖം, വർക്കല, ഫോർട്ട് കൊച്ചി എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി യഥാക്രമം 3,66,83,104/-, 2,01,48,812/-, 3,72,40,171/-, 2,82,07,491/- തുകകൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാന ടൂറിസം കേന്ദ്രമായ കോവളത്ത് പദ്ധതി ടെൻഡർ ചെയ്തു. വർക്കല, മൂന്നാർ, മലമ്പുഴ എന്നിവിടങ്ങളിൽ വിപുലമായ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. അതോടൊപ്പം ടൂറിസം വകുപ്പിനുകീഴിലുള്ള ഡെസ്റ്റിനേഷനുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡെസ്റ്റിനേഷനുകൾ ആകർഷകമാക്കാൻ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഫ്ലോട്ടിംഗ് ബ്രിഡ്ജ്, ഗ്ലാസ് ബ്രിഡ്ജ്, കയാക്കിംഗ്, സർഫിംഗ് തുടങ്ങിയ സാഹസിക വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ചു. പ്രാദേശിക ടൂറിസം ഡെസ്റ്റിനേഷനുകൾ വളർത്തിക്കൊണ്ടുവരാൻ

'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഓരോ പഞ്ചായത്തിലും ഒരു ഡെസ്റ്റിനേഷൻ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കൂടാതെ കേരളത്തിലെ ടൂറിസം സാധ്യതകളുള്ള പുതിയ പ്രദേശങ്ങളെ (Unexplored Destination) കണ്ടെത്തി പ്രചരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാരവൻ ടൂറിസം, ഹെലി ടൂറിസം, സിനി ടൂറിസം, നൈറ്റ് ലൈഫ് ടൂറിസം, ലിറ്ററി ടൂറിസം സർക്യൂട്ട്, ബയോ-ഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ റിവർ ക്രൂയിസ്, പൈതൃക പദ്ധതികൾ തുടങ്ങിയ നൂതന പദ്ധതികളും നടപ്പാക്കിവരുന്നു. അതോടൊപ്പം ഉത്തരവാദിത്ത ടൂറിസം പദ്ധതികളുടെ ഭാഗമായി ജനപങ്കാളിത്തത്തോടെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നു. സ്ട്രീറ്റ്, വില്ലേജ് എക്സ്പീര്യൻഷ്യൽ ടൂറിസം, ഉത്തരവാദിത്ത ടൂറിസം (ഗ്രാമം), സ്ത്രീ സൗഹാർദ്ദ ടൂറിസം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ മികച്ച ടോയ്‌ലറ്റ് സൗകര്യമുൾപ്പെടെ സാധ്യമാക്കുന്ന പദ്ധതികളും നടപ്പാക്കുന്നു. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലോകോത്തര ടോയ്‌ലറ്റ് ബ്ലോക്കുകൾ

സ്ഥാപിക്കുന്നതുവഴി മെച്ചപ്പെട്ട ശൗചാലയ സൗകര്യങ്ങൾ ഒരുക്കുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയും നടപ്പാക്കിവരുന്നു.

(ബി) പുതിയ വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടെങ്കിലും ഇതിനായി പ്രത്യേകമായി നിബന്ധനകൾ വച്ചിരുന്നില്ല.

(സി) വിനോദസഞ്ചാര വികസനത്തിനായി നിക്ഷേപം നടത്താൻ കഴിയുന്ന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്ക്കരിക്കുകയും ടൂറിസം നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. ചില പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ചത്.

1. **ടൂറിസം സാധ്യത**: പ്രദേശത്തിന് വിനോദസഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കാൻ കഴിയുന്ന പ്രാചീനമൂല്യവും പ്രകൃതി സൗന്ദര്യവുമുള്ളതായ ഇടങ്ങൾ.

2. **തൊഴിൽ സൃഷ്ടി:** വിനോദസഞ്ചാര വികസനത്തോടെ പ്രദേശ വാസികൾക്ക് തൊഴിലവസരങ്ങൾ നൽകാൻ കഴിയുന്ന സ്ഥലങ്ങൾ.

3. **അടിസ്ഥാന സൗകര്യങ്ങൾ**: സഞ്ചാരികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുള്ള (റോഡുകൾ, ആക്സസ്, താമസ സൗകര്യങ്ങൾ എന്നിവ) ഇടങ്ങൾ.

4. **സുസ്ഥിര വികസനം**: പരിസ്ഥിതി സംരക്ഷണവും സുസ്ഥിരതയും ഉറപ്പാക്കുന്ന രീതിയിൽ വികസനം നടത്താനാകുന്ന ഇടങ്ങൾ.

5. **സാമൂഹ്യ-സാംസ്കാരിക പ്രാധാന്യം**: പ്രാദേശിക കലകളും പൈതൃകവും പ്രോത്സാഹിപ്പിക്കുന്ന സ്ഥലങ്ങൾ.

6. **സുരക്ഷാ മാനദണ്ഡങ്ങൾ**: വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള സാഹചര്യങ്ങളുള്ള ഇടങ്ങൾ.

(ഡി) മലബാറിലെ ടൂറിസം വികസനം സാധ്യമാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നിലപാടാണ്. കേരളത്തെയാകെ ഒരു ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ മലബാർ മേഖലയ്ക്ക് മതിയായ പരിഗണന നൽകാറുണ്ട്.

**നിലവിൽ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ**

1. **മലബാർ ലിറ്ററി സർക്യൂട്ട്**: മലബാർ പ്രദേശത്തെ സാഹിത്യ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്.

2. **മലബാർ റിവർ ക്രൂയിസ്:** നദീ ക്രൂയിസ് ടൂറിസം വികസനത്തിന്.

3. **ബീച്ച് ടൂറിസം വികസനം**: മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ച് സമഗ്ര വികസനം.

4. ബേപ്പൂർ വാട്ടർ ഫെസ്റ്റ്

5. ചാമ്പ്യൻ ബോട്ട് ലീഗ് മൽസരങ്ങൾ മലബാറിലും വ്യാപിപ്പിച്ചു.

6. മലബാർ കയാക്കിംഗ് & റിവർ ഫെസ്റ്റ്

7. കയാക്കിംഗ് പരിശീലന കേന്ദ്രം

8. സർഫിംഗ് പരിശീലന കേന്ദ്രം, ഗോദീശ്വരം ബീച്ച്

9. മലബാറിലെ തീരമേഖലകളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ്

10. ബേക്കൽ ടൂറിസത്തിന് പുതിയ പദ്ധതികൾ

11. ബേക്കലിൽ ടൂറിസം വില്ലേജ് പദ്ധതി

12. കെ.ടി.ഡി.സി.-യുടെ നേതൃത്വത്തിൽ കാരവൻ പാർക്ക്

13. ബേക്കലിൽ ഹോട്ടൽ സമുച്ചയങ്ങൾ

14. പൊന്നാനി നിള മ്യൂസിയം

15. വയനാട് ടൂറിസത്തിൽ വൻകുതിപ്പ്

16. ' എൻ ഊര് ' ഗോത്ര പൈതൃക ടൂറിസം പദ്ധതി

17. തലശ്ശേരി ഹെറിറ്റേജ് പദ്ധതി

18. കോഴിക്കോട് നഗര ഇല്യൂമിനേഷൻ പദ്ധതി

19. വയനാട് കേന്ദ്രീകരിച്ച് പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ

20. മലബാറിലെ ടൂറിസം കേന്ദ്രങ്ങൾ പരിചയപ്പെടുത്താനുള്ള FAM പരിപാടി

21. പൊന്നാനിയിലെ പൈതൃക ടൂറിസം പദ്ധതി

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ആഗോളാടിസ്ഥാനത്തിൽ ടൂറിസം മേഖലയിലെ ട്രെൻഡുതന്നെ മാറിക്കൊണ്ടിരിക്കുകയാണ്. കോവിഡിനുശേഷം

നാട്ടിലായാലും വിദേശത്തായാലും ആളുകളുടെ മാനസിക നിലയിൽ ഒരുപാട് മാറ്റങ്ങളുണ്ടായിട്ടുണ്ട്. അതിനെത്തുടർന്ന് കൂടുതൽ മാനസികോല്ലാസത്തിനായി ആളുകൾ ടൂർ പോകുകയാണ്. നമ്മുടെ നാട്ടിൽത്തന്നെ ധാരാളം ടൂറിസം ഡെസ്റ്റിനേഷനുകളുണ്ട്. വിദേശങ്ങളിലേയ്ക്ക് പോകുന്നതിനെക്കാൾ നമ്മുടെ നാട്ടിൽത്തന്നെ ചെറിയ ടൂറിസം കേന്ദ്രങ്ങളുണ്ട്. അവിടെ അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതിനുള്ള നടപടിയുണ്ടാകണം. മലബാർ മേഖലയിലെ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് മുമ്പ് ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതുമാണ്. എന്റെ നിയോജകമണ്ഡലത്തിൽ മുറിഞ്ഞമാട്, കൊടികുത്തിമല, ആഢ്യൻപാറ എന്നിങ്ങനെ ഒരുപാട് ടൂറിസം കേന്ദ്രങ്ങളുണ്ട്. ഈ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ച് ചർച്ച ചെയ്ത് ഇതിനൊരു രൂപരേഖയുണ്ടാക്കാൻ സാധിക്കുമോ? ചാലിയാറിൽ മുറിഞ്ഞമാട് എന്ന പ്രദേശം ഒരു ദ്വീപാണ്, അവിടെ ടൂറിസത്തിന് വളരെയേറെ സാധ്യതയാണുള്ളത്. ഇതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയും?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ടൂറിസം കേന്ദ്രങ്ങളിൽ ചില പ്രത്യേക ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ചില പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ബാത്ത് റൂം സൗകര്യമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പ്രശ്നങ്ങൾ നിലവിലുണ്ട്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുള്ള സ്ഥലങ്ങളിൽ അവ വൃത്തിയായി സൂക്ഷിക്കുന്നുമില്ല. ഇവയുടെ മെയിന്റനൻസ് ജോലികൾ ആരാണ് നിർവ്വഹിക്കേണ്ടത് എന്നുള്ള പ്രശ്നം നേരിടുന്നുണ്ട്. അത് തദ്ദേശസ്വയംഭരണം, ടൂറിസം, വനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ളതാണ്. ഇതുപോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് ശക്തിപ്പെടുത്താനുള്ള ശ്രമം നടത്തുന്നുണ്ട്. പല ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി പ്രത്യേക പദ്ധതി ഇപ്പോൾ നടപ്പാക്കിവരികയാണ്. മലപ്പുറം ജില്ലയിൽ പ്രാദേശികമായി ടൂറിസം പ്രാധാന്യമുള്ള ഒട്ടേറെ അതിമനോഹരങ്ങളായ സ്ഥലങ്ങളുണ്ട്, അത് എങ്ങനെ വികസിപ്പിക്കാമെന്നത് പരിശോധിക്കാം. 'ഡെസ്റ്റിനേഷൻ ചലഞ്ച്' ആ നിലയിലുള്ള ഒരു പദ്ധതിയാണ്. ആ പദ്ധതിയുടെ സംസ്ഥാനതല ഉത്ഘാടനം

നടക്കുന്നത് മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്താണ്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച, അങ്ങയുടെ നിയോജകമണ്ഡലത്തിലെ സ്ഥലങ്ങളുടെ ടൂറിസം സാധ്യത പരിശോധിച്ച് ഇടപെടാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ടൂറിസവുമായി ബന്ധപ്പെട്ട് പ്രകൃതി സൗന്ദര്യം ആസ്വദിക്കുക എന്നുള്ളതാണ് എല്ലാവരും ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ട് വനപ്രദേശങ്ങളിലേയ്ക്ക് പ്രവേശിക്കുന്നതിനുള്ള വഴി സൗകര്യങ്ങളില്ലെന്നുള്ളതാണ്. വലിയ റോഡുകളില്ലെങ്കിലും കാശ്മീർ മാതൃകയിൽ മൂന്നടിയോ നാലടിയോ വീതിയോടുകൂടിയ ഒരു നടപ്പാതയെങ്കിലും നിർമ്മിച്ചാൽ ടൂറിസ്റ്റുകൾക്ക് ബുദ്ധിമുട്ടുകളില്ലാതെ അവിടെ എത്തിച്ചേരുന്നതിനും വെള്ളച്ചാട്ടങ്ങളും മറ്റും ആസ്വദിക്കാനും സാധിക്കും. ഇക്കാര്യത്തെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസം വകുപ്പ് വളരെ ഗൗരവത്തോടെയും പ്രാധാന്യത്തോടെയും ആലോചിച്ച കാര്യമാണ് അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചത്. നമ്മുടെ പല ടൂറിസ്റ്റ് കേന്ദ്രങ്ങളും വനം വകുപ്പുമായി ബന്ധപ്പെട്ടുള്ളതാണ്. വനം വകുപ്പുമന്ത്രി എന്റെ തൊട്ടടുത്ത് തന്നെ

ഇരിക്കുന്നുണ്ട്. വനം വകുപ്പിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ മനോഹരമായ ഒരു നടപ്പാത നിർമ്മിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ വനം വകുപ്പുമന്ത്രിയുമായി സംസാരിച്ചിരുന്നു, വളരെ പോസിറ്റീവായ സമീപനമാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയം എങ്ങനെ പരിഹരിക്കാമെന്നത് ചർച്ച ചെയ്ത് തീരുമാനിക്കും.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളെപ്പറ്റിയാണ് ഇപ്പോൾ ചർച്ച നടക്കുന്നത്. ഇതിൽ എന്റെ നിയോജകമണ്ഡലത്തിലെ മണ്ണാർക്കാട് പാത്രക്കടവ് പദ്ധതിപ്രദേശം, പാത്രക്കടവ് പഴയ കാലത്തുള്ള ഒരു ഇലക്ട്രോ ഹൈഡ്രൽ പ്രോജക്ടായിരുന്നു, ആ പദ്ധതി വേണ്ടെന്ന് വയ്ക്കുകയായിരുന്നു. ഈ പ്രദേശത്തോട് ചേർന്നുള്ള കാട്ടിൽനിന്നുകൊണ്ട് കുന്തിപ്പുഴയുടെ സൗന്ദര്യം ആസ്വദിക്കാൻ, അത് വളരെ മനോഹരമായൊരു സ്ഥലമാണ്. കുരുത്തിച്ചാൽ എന്നാണ് നാട്ടുകാർ ഈ പ്രദേശത്തെ പറയുന്നത്. കുരുത്തിച്ചാൽ പ്രദേശത്ത് DTPC (District Tourism

Promotion Council)-യുടെ ഒരു പ്രൊപ്പോസൽ വച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ അത് ഒരു കോടി രൂപയുടെ പദ്ധതിയായിരുന്നുവെങ്കിൽ ഇപ്പോൾ രണ്ടുകോടി രൂപയാണ്. എന്നാൽ  റവന്യൂ വകുപ്പിന്റെ ഭൂമി പാട്ടത്തിന് ലഭിക്കേണ്ട ഒരു പ്രശ്നത്തിൽ പദ്ധതി മുടങ്ങിക്കിടക്കുകയാണ്. അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ഇടപെടുകയും ഇതിനൊരു ഫോളോ അപ് ഉണ്ടാകുകയും ചെയ്യണം. ആ പദ്ധതി എത്രയുംപെട്ടെന്ന് പ്രാവർത്തികമാക്കാനുള്ള നടപടിയുണ്ടാകണം. വർഷത്തിൽ ഒരുപാട് ആളുകൾ അവിടെ മരണപ്പെടാറുണ്ട്. പുഴയുടെ ഭംഗി കണ്ട് പുഴയിലേയ്ക്ക് ഇറങ്ങും, പെട്ടെന്ന് മലവെള്ളപ്പാച്ചിലുണ്ടാകും, ഇവർക്ക് നീന്തി രക്ഷപ്പെടാൻ കഴിയില്ല. ഓരോ വർഷവും രണ്ടും മൂന്നും കുട്ടികളെങ്കിലും മരണപ്പെടാറുണ്ട്, അധികവും ചെറുപ്പക്കാരാണ്. ഡി.ടി.പി.സി.-യുടെ ഈ പദ്ധതി നടപ്പായാൽ ഈ പ്രദേശത്ത് കൃത്യമായ സുരക്ഷാക്രമീകരണമുണ്ടാകും. അതുകൊണ്ട് ഈ പദ്ധതി അടിയന്തരമായി നടപ്പാക്കാൻ  ഇടപെടുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>:  സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് എന്ത് ചെയ്യാൻ കഴിയുമെന്ന കാര്യം ഗൗരവത്തോടെ പരിശോധിച്ച് ഇടപെടാവുന്നതാണ്. ഓരോ നിയമസഭാ സാമാജികരുടെയും മണ്ഡലങ്ങളിലെ

ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സാധ്യത സംബന്ധിച്ച് തദ്ദേശസ്വയംഭരണം, സഹകരണം, വനം, വൈദ്യുതി തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് സ്വകാര്യ സംരംഭകരെക്കൂടി കൂട്ടിയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളോ സാധ്യതകളോ ഉണ്ടെങ്കിൽ അതും പറഞ്ഞാൽ പരിശോധിച്ച് ഇടപെടൽ നടത്തുന്നതാണ്. ഈ വിഷയം പ്രത്യേകം പരിശോധിച്ച് ഇടപെടാവുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികളുടെ കണക്ക് പരിശോധിച്ചാൽ, കേവലം ആറ് ശതമാനം മാത്രമാണ് മലബാർ മേഖലയിൽ എത്തിച്ചേരുന്നത്. മലബാറിൽ ഒട്ടേറെ ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. എന്നാൽ അത് സഞ്ചാരികൾക്ക് അറിയാൻ സാധിക്കുന്നില്ല. അതിന് വേണ്ടതുപോലെ പ്രചരണവും കൊടുത്തിട്ടില്ല. അതുകൊണ്ട് മലബാർ മേഖലയിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പ്രചരണ പരിപാടി സംഘടിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അങ്ങ് സൂചിപ്പിച്ചത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. 2021-ലെ എൽ.ഡി.എഫ്.-ന്റെ പ്രകടനപ്പത്രികയിൽത്തന്നെ മലബാർ ടൂറിസത്തെ വികസിപ്പിക്കാൻ പ്രത്യേക ഇടപെടൽ നടത്തുമെന്ന് പറഞ്ഞിരുന്നു. അത് മലബാറിലെ ഏഴ് ജില്ലകളോടുള്ള ഏതെങ്കിലും തരത്തിലുള്ള പ്രാദേശിക വികാരത്തിന്റെ ഭാഗമായിട്ടല്ല കാണേണ്ടത്. കേരളത്തിലെ ടൂറിസം മേഖലയുടെ കുതിപ്പിന് വേഗത വർദ്ധിപ്പിക്കണമെങ്കിൽ, അനന്ത സാധ്യതകളുള്ള മലബാറിന്റെ സാധ്യതകളെ കൂടുതൽ എക്സ്പ്ലോർ ചെയ്യണമെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തിയപ്പോഴാണ് കേരളത്തിലെത്തുന്ന നൂറ് സഞ്ചാരികളിൽ ആറ് പേർ മാത്രമാണ് ഈ ഏഴ് ജില്ലകളിൽ വരുന്നതെന്നുള്ള കണക്ക് പുറത്തുവന്നത്. അതിൽ പല പ്രശ്നങ്ങളുമുണ്ട്. അതിലൊരു പ്രധാനപ്പെട്ട പ്രശ്നം, താമസ സൗകര്യത്തിന്റെ കുറവാണ്. ഇന്ത്യയിൽ പഞ്ചനക്ഷത്ര ഹോട്ടലുകൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. പക്ഷെ സഞ്ചാരികൾ എല്ലാവരും പഞ്ചനക്ഷത്ര ഹോട്ടലുകളിൽ താമസിക്കുന്നവരല്ല, സാധാരണ ആളുകളാണ്. അവർക്ക്

താമസിക്കാനുള്ള സ്ഥലം വേണം. അങ്ങനെ പരിശോധിച്ചപ്പോൾ, നമ്മുടെ നിലവിലുള്ള സൗകര്യങ്ങൾതന്നെ പ്രയോജനപ്പെടുത്താൻ തീരുമാനിക്കുകയും പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് ആരംഭിക്കുകയും ചെയ്തു. വലിയ വരുമാനവുമുണ്ടായി, 2021 നവംബർ 1 മുതൽ ഇതുവരെ പത്തുപതിനഞ്ച് കോടി രൂപയുടെ വരുമാനമാണ് ലഭിച്ചത്. ലക്ഷക്കണക്കിന് ആളുകളാണ് മുറി ബുക്ക് ചെയ്തത്, അതിൽ നല്ലൊരു ശതമാനവും മലബാർ മേഖലയിലാണ്. മലബാറിലെ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ കാര്യങ്ങൾ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സർക്കാർ ചെയ്തിട്ടുണ്ട്. അതിന്റെ ഓരോന്നായുള്ള കണക്കുകൾ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. പ്രത്യേക പദ്ധതികളും ഫെസ്റ്റുകളും ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും വലിയ മുന്നേറ്റമുണ്ടായിട്ടുള്ള ജില്ലയാണ് വയനാട്. വയനാടിനെ പ്രത്യേകം മാർക്കറ്റ് ചെയ്യാൻ നടത്തിയ ഇടപെടലുണ്ട്. അദ്ദേഹം ഇവിടെ മാർക്കറ്റിംഗിനെപ്പറ്റി ചോദിച്ചതുകൊണ്ടാണ് ഇക്കാര്യം പറഞ്ഞത്. നേരത്തെ ഇക്കാര്യങ്ങൾ സഭയിൽ പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ഇപ്പോൾ മലബാർ ടൂറിസം വികസിപ്പിക്കുന്നതിനായി പ്രത്യേക വ്ലോഗ്മീറ്റ്

സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലബാർ ടൂറിസവുമായി ബന്ധപ്പെട്ട ജില്ലകളെ വികസിപ്പിച്ച് കൊണ്ടുവരുന്നതിനുള്ള വ്ലോഗ്മീറ്റുകൾ മലബാറിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കൂടുതലായി ലോകത്തിന് പരിചയപ്പെടുത്താൻ സാധിക്കും. അതുപോലെ ഗൾഫ് രാജ്യങ്ങളിൽനിന്നുള്ള മലയാളികൾ അല്ലാത്ത സഞ്ചാരികളെ ഇവിടേയ്ക്ക് കൊണ്ടുവരുന്നതിന് പ്രത്യേക പദ്ധതി ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിലൂടെ ഇപ്പോൾ എത്തിച്ചേരുന്നതിന്റെ ഇരട്ടിയിലധികം സഞ്ചാരികളെ ഗൾഫ് രാജ്യങ്ങളിൽനിന്നും ഇവിടേയ്ക്ക് കൊണ്ടുവരാൻ സാധിക്കും, പ്രത്യേകിച്ച് മലബാർ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും. അതിനും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുമുമ്പാണ് ഇതുമായി ബന്ധപ്പെട്ട ഒരു മീറ്റിംഗ് നടത്തിയത്, അത് വളരെ വിജയകരമായിരുന്നു. അതിനാൽ മലബാർ ടൂറിസത്തിന്റെ വികസനത്തിനും മാർക്കറ്റിംഗിനും പ്രത്യേക ശ്രദ്ധയാണ് സർക്കാർ നൽകുന്നത്. അതിന്റെ എല്ലാ കണക്കുകളുമുണ്ട്, സമയക്കുറവുമൂലം ഞാൻ ഇപ്പോൾ പറയാൻ ആഗ്രഹിക്കുന്നില്ല.

ഡോ. എം. കെ. മുനീർ: സർ, എന്റെ മണ്ഡലത്തിലെ പ്രകൃതിരമണീയമായൊരു സ്ഥലമാണ് കട്ടിപ്പാറ. അവിടെ അമരാട് Natural water fall ഉണ്ട്. അത് കാണുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽനിന്നുപോലും ആളുകൾ എത്തിച്ചേരാറുണ്ട്. അവിടേയ്ക്കുള്ള നാല് കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് നന്നാക്കിയാൽ വളരെ മനോഹരമാകും, സുരക്ഷിതത്വവും ഉറപ്പുവരുത്തണം. അവിടെ താമസസൗകര്യങ്ങൾ ധാരാളമുണ്ട്. കട്ടിപ്പാറ പ്രദേശം ഫാം ടൂറിസത്തിനും മെഡിക്കൽ ടൂറിസത്തിനുമെല്ലാം സൗകര്യമുള്ള ഒരു സ്ഥലമാണ്. ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ യോഗം വിളിച്ചുചേർത്ത് പ്രത്യേകമായി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കട്ടിപ്പാറ പ്രദേശത്തിന് മറ്റുചില പ്രാധാന്യങ്ങൾ കൂടിയുണ്ട്. വയനാടിനോട് ചേർന്നുകിടക്കുന്നതും താമരശ്ശേരി ചുരത്തിന്റെ തൊട്ടുതാഴെ സ്ഥിതിചെയ്യുന്നതുമായ പ്രദേശമാണത്. തുരങ്കപാത യാഥാർത്ഥ്യമായാൽ ഏറ്റവും സാധ്യതയുള്ള ഒരു പ്രദേശംകൂടിയാണിത്. ഈ പറഞ്ഞ സ്ഥലം വളരെ മനോഹരവുമാണ്. അവിടേയ്ക്ക് എത്തിച്ചേരുന്ന റോഡ്

മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടതാണെങ്കിലും നമുക്ക് പരിശോധിക്കാവുന്നതാണ്, അതിനായി ഒരു യോഗം വിളിച്ചുചേർക്കാം. എങ്ങനെ ആ ഡെസ്റ്റിനേഷനെ വികസിപ്പിച്ചെടുക്കാമെന്ന് ആലോചിക്കാം. നേരത്തേ ആളുകൾ അറിയപ്പെടുന്ന ഡെസ്റ്റിനേഷനുകളിലേയ്ക്കായിരുന്നു പോയിരുന്നതെങ്കിൽ ഇപ്പോൾ ആളുകളിൽ കണ്ടുവരുന്ന ഒരു പുതിയ ട്രെൻഡ്, വലിയ ഡെസ്റ്റിനേഷനുകളിലേയ്ക്ക് പോകാതെ ഇതുപോലെ കേരളത്തിൽതന്നെയുള്ള ചെറിയ ചെറിയ സ്ഥലങ്ങൾ പോയിക്കാണുക എന്നതാണ്. ഞാൻ അത്ഭുതപ്പെട്ടുപോയ ഒരു സംഭവമുണ്ട്, ബഹുമാനപ്പെട്ട ലിന്റോ ജോസഫ് എം.എൽ.എ. ഇപ്പോൾ സഭയിൽ ഉണ്ടാകുമല്ലോ, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒരു പരിപാടിയുമായി ബന്ധപ്പെട്ട് നാല് ദിവസം മുമ്പ് പോകേണ്ടിവന്നപ്പോൾ, കതിരൂർ പഞ്ചായത്തിലെ അംഗങ്ങൾ അവിടേയ്ക്ക് ബസിൽ യാത്രചെയ്ത് വന്നിരുന്നു. ഇതുപോലെ പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെടെ ആളുകൾ ചെറിയ ചെറിയ സ്ഥലങ്ങളിലേയ്ക്കും explore ചെയ്യപ്പെടുന്ന സ്ഥലങ്ങളിലേയ്ക്കും വരികയാണ്. അതുകൊണ്ട് ഇത്തരം സ്ഥലങ്ങൾക്ക്

പ്രാധാന്യം കൊടുക്കാം. എങ്ങനെ ഇടപെടാമെന്ന് ആലോചിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ടൂറിസം രംഗത്ത് വലിയ മുന്നേറ്റമാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. ആഭ്യന്തര വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഓരോ ഡെസ്റ്റിനേഷനും വളരെ പ്രധാനപ്പെട്ടതാണ്. ഇന്ത്യയിലെതന്നെ പ്ലാൻഡ് ആയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ഇക്കോ ടൂറിസം പദ്ധതിയായ തെന്മല ഇക്കോ ടൂറിസം പദ്ധതി, ഭാവനാ സമ്പന്നനായ സഖാവ് ഇ. ചന്ദ്രശേഖരൻ നായർ ആവിഷ്കരിച്ചതാണ്. വനം, പുഴ, ഡാം, പ്ലാന്റേഷൻ തുടങ്ങി ടൂറിസത്തിന്റെ വലിയ സാധ്യതകൾ നിലനിൽക്കുന്ന തെന്മല അങ്ങേയ്ക്ക് അറിയാവുന്ന മേഖല കൂടിയാണ്. ആ പ്രദേശത്തിന്റെ വികസനം ത്വരിതപ്പെടുത്തിയാൽ വലിയ മാറ്റം വിനോദസഞ്ചാര മേഖലയിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നതിനാൽ, ടൂറിസം വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാനും ഇന്ത്യയിലെതന്നെ എണ്ണപ്പെടുന്ന ടൂറിസം ഡെസ്റ്റിനേഷനാക്കി അതിനെ മാറ്റിത്തീർക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും തെന്മലയിൽ ഇക്കോ ടൂറിസത്തിന് അനന്തസാധ്യതകളുണ്ട്, അത് ഉപയോഗപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാവുന്നതാണ്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒരു യോഗം ഉടനെതന്നെ വിളിച്ചുചേർക്കാവുന്നതാണ്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, 'കാരവൻ ടൂറിസ'വുമായി ബന്ധപ്പെട്ട ഒരു ചോദ്യമാണ് ഉന്നയിക്കാനുള്ളത്. വൈപ്പിൻ മണ്ഡലത്തിന്റെ ഭാഗമായ അതിമനോഹരമായ, ചരിത്രമുറങ്ങുന്ന ബോൾഗാട്ടി പാലസിൽവച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ ഉദ്ഘാടനംചെയ്ത പദ്ധതിയാണല്ലോ കാരവൻ ടൂറിസം, അതിനെ ശക്തിപ്പെടുത്താനായി ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നേരത്തെ ഇതേക്കുറിച്ച് സഭയിൽ പറഞ്ഞതാണ്. കാരവൻ ടൂറിസത്തിന്റെ വളർച്ച സമയമെടുത്ത് മാത്രമേ സംഭവിക്കുകയുള്ളൂ, അതിനായി കുറേയേറെ കാര്യങ്ങൾ നമ്മൾ ചെയ്യേണ്ടതുണ്ട്, വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നടത്തേണ്ടതുണ്ട്.

എന്നാൽ നമ്മുടെ സംസ്ഥാനം ഈ പദ്ധതിയുമായി മുമ്പോട്ടുവന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മറ്റുപല സംസ്ഥാനങ്ങളിലെയും ആളുകൾ ഇവിടെ വന്ന് ഇക്കാര്യങ്ങൾ പഠിക്കുന്നുണ്ട്. കാരവൻ ടൂറിസവുമായി ബന്ധപ്പെട്ട് കാരവൻ പാർക്കുകൾ അനിവാര്യമാണ്. കെ.ടി.ഡി.സി മുൻകൈയെടുത്ത് കുറച്ചിടങ്ങളിൽ പാർക്കുകൾ കൊണ്ടുവരുന്നുണ്ട്. അതുപോലെതന്നെ വിനോദസഞ്ചാര വകുപ്പും മറ്റ് സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ചും ഇത് ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട ഡി. കെ. മുരളി എം.എൽ.എ. ഇവിടെ ഉണ്ടല്ലോ, പൊൻമുടിയിൽ ഞാൻ ഒരാഴ്ച  മുമ്പ് പോയിരുന്നു. അതിമനോഹരമായ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് പൊൻമുടി, അതിനെ വികസിപ്പിക്കാനായി റോഡിന്റെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്, മനോഹരമായ ഒരു ടൂറിസം ഗസ്റ്റ്ഹൗസ് അവിടെ വരാൻപോകുകയാണ്. നിലവിലുണ്ടായിരുന്ന പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ് നവീകരിച്ചു. പ്രസ്തുത പ്രദേശത്തിന് തൊട്ടടുത്തായി ഒരു സ്ഥലമുണ്ട്, അവിടത്തെ ജനങ്ങളും എം.എൽ.എ.യും അത് ഒരു കാരവൻ പാർക്കാക്കി മാറ്റാനാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആ കാര്യത്തിൽ ഇപ്പോൾ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

അത്തരത്തിലുള്ള സാധ്യതകളെ പരമാവധി ഉപയോഗിച്ച് ഭാവിയിൽ വലിയ റിസർട്ട് ഉണ്ടാക്കാൻ പറ്റും. അതുപോലെതന്നെ സഞ്ചാരികൾ വരുമ്പോൾ അവർക്ക് ഇൻഫർമേഷൻ നൽകുന്നതിനായി "ഇൻഫർമേഷൻ കിയോസ്കുകൾ" സ്റ്റാർട്ടപ് മിഷനുമായി ചേർന്നുകൊണ്ട് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. വിദേശ സഞ്ചാരികൾ വരുമ്പോൾ ഫ്രഞ്ച്, ഇംഗ്ലീഷ് ഉൾപ്പെടെയുള്ള വിദേശ ഭാഷകൾ അറിയുന്ന തരത്തിലുള്ള മാർക്കറ്റിംഗ് കൊണ്ടുവരാനും കാരവൻ ടൂറിസത്തെ വികസിപ്പിക്കുന്നതിനും കാരവൻ പാർക്ക് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൊണ്ടുവരാനുമുള്ള നിശ്ചയമായ നിലപാടുകളുമായാണ് സർക്കാർ മുമ്പോട്ടുപോകുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കൊല്ലത്തിന്റെ ടൂറിസം സാധ്യത പൂർണ്ണമായും explore ചെയ്യേണ്ടിയിരിക്കുന്നു, പ്രത്യേകിച്ച് അഷ്ടമുടി കായൽ. എന്റെ നിയോജകമണ്ഡലത്തിലെ പേരയം, പെരിനാട്, കുണ്ടറ പഞ്ചായത്തുകളും പടപ്പക്കര, കുതിരമുനമ്പ് തുടങ്ങിയ സ്ഥലങ്ങളും അഷ്ടമുടിക്കായലിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളാണ്. കോവൂർ കുഞ്ഞുമോന്റെ മണ്ഡലത്തിൽ ഉൾപ്പെട്ട സ്ഥലങ്ങളുമുണ്ട്. മൺറോതുരുത്ത്,

തെന്മല ഇക്കോ ടൂറിസം, ജടായുപാറ എന്നീ കേന്ദ്രങ്ങൾ എല്ലാംകൂടി ചേർത്തുകൊണ്ട് കൊല്ലം ജില്ലയുടെ ടൂറിസം സാധ്യതകളെ പ്രമോട്ട് ചെയ്യുന്നതിനായി വകുപ്പിൽനിന്നും പ്രത്യേക ശ്രദ്ധയുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ പറഞ്ഞത് വളരെ നല്ല കാര്യമാണ്. അഷ്ടമുടിക്കായലിനെയും ഈ പറഞ്ഞിരിക്കുന്നതിൽ പലപ്രദേശങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടാണ് ബയോ ഡൈവേഴ്സിസിറ്റി സർക്യൂട്ട് നിലകൊള്ളുന്നത്. നമ്മുടെ രാജ്യത്ത് ഒരു ബയോഡൈവേഴ്സിറ്റി സർക്യൂട്ട് ഒരു ബഡ്ജറ്റിൽത്തന്നെ പ്രഖ്യാപിച്ചു. അതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. എങ്ങനെ ആ പദ്ധതി വേഗത്തിലാക്കാമെന്നും അതിന്റെ സാധ്യതകളെ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താമെന്നും പഠനവിധേയമാക്കുന്നുണ്ട്. കൊല്ലം ജില്ലയിലെ അഷ്ടമുടി കായലുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ, ജടായുപാറ, സാമ്പ്രാണിക്കോടി ഉൾപ്പെടെയുള്ളവയുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാമെന്ന് സഭയെ അറിയിക്കുകയാണ്.

(*543) <u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, ഉത്തരം മേശപ്പുറത്ത് വച്ചാൽ ചോദ്യം ചോദിക്കാമായിരുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽവകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ഞാൻ ആദ്യം ഒന്ന് പറഞ്ഞു തുടങ്ങട്ടെ, എല്ലാത്തിനും ഒരു തുടക്കംവേണ്ടേ?

<u>മി. സ്പീക്കർ</u>: അങ്ങനെയാവട്ടെ...

**വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിന് പദ്ധതി**

(*543) <u>ശ്രീ. ആന്റണി ജോൺ</u>:
<u>ശ്രീ വി. ജോയി</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>:
<u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സുകളിൽ തന്നെ പ്രത്യേകമായ തൊഴിൽ പരിശീലനം നൽകുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ഇതിനായി വിദഗ്ധരുടെ സേവനം ലഭ്യമാക്കുമോ; വിശദാംശം നൽകാമോ;

(ബി) വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകമായ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിലൂടെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ദേശീയ തലത്തിലുള്ള എൻ എസ് ക്യൂ എഫ് പാഠ്യപദ്ധതി അനുസരിച്ചുള്ള ലെവൽ 3/ലെവൽ 4 കോഴ്സുകളാണ് നടത്തി വരുന്നത്. സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഫിനിഷിംഗ് സ്കിൽ ലഭിക്കുന്നതിന് വേണ്ടി " 60 ദിവസത്തെ സ്മാർട്ട് ഇൻഡസ്ട്രി റഡിനസ്സ് പ്രോഗ്രാം" കിറ്റ്സ് അഡാക്ക(ADAK)മായി സഹകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഫിഷറീസ്, ടൂറിസം മേഖലയിലെ കുട്ടികൾക്കാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സിലബസ് പ്രകാരമുള്ള പഠന പ്രക്രിയകൾ,

പ്രായോഗിക പരിശീലനങ്ങൾ എന്നിവയ്ക്ക് പുറമേ അവർ പഠിക്കുന്ന കോഴ്സുകളിൽ അനുബന്ധം I+ പ്രകാരമുള്ള പദ്ധതികൾ കൂടി നടത്തിവരുന്നു.

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് പബ്ലിക്/പ്രൈവറ്റ് സെക്ടറുകളിൽ നിന്നായി പ്രമുഖ കമ്പനികളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സഹകരണത്തോടെ തൊഴിൽ മേളകൾ സംഘടിപ്പിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം - II +ആയി ചേർക്കുന്നു.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനും വിദ്യാഭ്യാസത്തിന് ഉപയോഗപ്പെടുത്തുന്നതിനുമായി സംസ്ഥാനത്ത് കൊണ്ടുവന്ന "Little KITES" -ന് UNICEF-ൽനിന്ന് ലഭിച്ച അഭിനന്ദനം നമ്മുടെ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് കിട്ടിയ ഒരു വലിയ അംഗീകാരമായി നാം കാണേണ്ടതുണ്ട്. നമ്മുടെ വിദ്യാഭ്യാസ മേഖല വലിയ രീതിയിലുള്ള നേട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. തൊഴിലധിഷ്ഠിത

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരുന്ന ഈ കാലത്ത് കുട്ടികളുടെ നൈപുണ്യ വികസനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പ്രത്യേക പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്?

ശ്രീ. വി. ശിവൻകുട്ടി: സർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി രംഗത്തോട് കുട്ടികൾക്ക് താല്പര്യം വർദ്ധിച്ചുവരികയാണ്. കുട്ടികൾ രാജ്യ വികസനത്തിനായുള്ള മനുഷ്യ വിഭവ സ്രോതസ്സുകളായി മാറേണ്ടതുണ്ട്. അതിജീവനത്തിനും ഉപജീവനത്തിനും അതുവഴി രാജ്യത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിനും യുവജനങ്ങളെ ശാക്തീകരിക്കേണ്ടത് അത്യാവശ്യമാണ്. " STARS" പദ്ധതി പ്രകാരം വൊക്കേഷണൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 210 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽനിന്നും 14 എണ്ണം പൈലറ്റ് അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. 28 ബാച്ചുകളിലായി 12 കോഴ്സുകൾ നിലവിൽ നടത്തിവരികയാണ്. ജില്ലാ ഭരണകൂടങ്ങളുടെ (ജില്ലാപഞ്ചായത്ത്/ജില്ലാ കളക്ടർ) നേതൃത്വത്തിലാണ് സ്കിൽ

ഡെവലപ്മെന്റ് സെന്റർ തിരഞ്ഞെടുത്തിരിക്കുന്നത്. 6 മാസം മുതൽ 1 വർഷം വരെയാണ് കോഴ്സ് കാലാവധി. സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി/ഹയർ സെക്കണ്ടറി സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്നത്. അഭിരുചിക്കും ഭാവി തൊഴിൽ സാധ്യതയ്ക്കും അനുഗുണമായ വൈദഗ്ധ്യം യുവജനങ്ങൾക്ക് നൽകുക, കേരളത്തിന്റെ ഓരോ ബ്ലോക്കിലും അന്താരാഷ്ട്ര ഗുണനിലവാരമുള്ള നൈപുണ്യ വികസന കേന്ദ്രങ്ങൾ ഉറപ്പാക്കുക, 21 വയസ്സിന് താഴെയുള്ള 'ഔട്ട് ഓഫ് സ്കൂൾ' കുട്ടികൾ ഉൾപ്പെടെയുള്ള യുവജനങ്ങൾക്ക് നൈപുണ്യ വിദ്യാഭ്യാസം പ്രാപ്യമാക്കുക, ഔപചാരിക വിദ്യാഭ്യാസത്തിനൊപ്പം തൊഴിൽ പരിശീലനം ലഭിക്കാത്ത കുട്ടികൾക്ക് അതിനുള്ള അവസരം നൽകുക, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഉപജീവനം ഉറപ്പാക്കുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം ലഭ്യമാക്കുക, കുട്ടികൾക്ക് സ്വയം സംരംഭകത്വത്തിനുള്ള ധാരണയും അനുഭവങ്ങളും അവസരങ്ങളും നൽകുക എന്നിവയാണ് നൈപുണ്യാധിഷ്ഠിത വിദ്യാഭ്യാസം അടിസ്ഥാനമാക്കിയുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ ലക്ഷ്യം.

ശ്രീ. ആന്റണി ജോൺ: സർ, ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ബേസിക് സ്കീൽസ് ഡെവലപ് ചെയ്യുന്നതിന് പ്രത്യേകമായ പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തെ ഒരു പുതിയ കാൽവയ്പാണിത്. സമഗ്ര ശിക്ഷാ കേരള 2023-24 വാർഷിക പദ്ധതി പ്രകാരം അംഗീകരിച്ച വൊക്കേഷണൽ എഡ്യൂക്കേഷൻ റിപ്പോർട്ടിംഗ് സപ്പോർട്ട് ഫോർ ഹബ് ആൻഡ് സ്പോക് സ്കൂൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പ്രോഗ്രാമാണ് 'ലൈഫ് സ്കിൽസ് ഫോർ ഫ്യൂച്ചർ എംപ്ലോയ്മെന്റ്'. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അടിസ്ഥാന ജീവിത നൈപുണികളിൽ പ്രാവീണ്യം നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രസ്തുത പ്രോഗ്രാമിലേയ്ക്ക് 2023-ൽ തെരഞ്ഞെടുത്ത 14 ഹബ് സ്കൂളുകളും 9-ാം തരത്തിലെ 40 വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് ക്രിസ്മസ് അവധിക്കാലത്ത് മൂന്ന് ദിവസത്തെ നോൺ റസിഡൻഷ്യൽ ക്യാമ്പും പൊതുവിദ്യാഭ്യാസ വകുപ്പ് വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ്

സെല്ലും സർവ്വശിക്ഷാ അഭിയാൻ കേരളയും സംയുക്തമായി സംഘടിപ്പിച്ചു. 560 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് അടിസ്ഥാന ജീവിത നൈപുണി പരിശീലനവും ആരോഗ്യം, പാചകം, എൻജിനീയറിംഗ്, കൃഷി തുടങ്ങിയ മേഖലകളിൽ പരിശീലനവും നൽകിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഈ വർഷവും പൊതുവിദ്യാഭ്യാസ വകുപ്പ് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലും സർവ്വശിക്ഷാ അഭിയാൻ കേരളയുമായി ചേർന്ന് പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, തൊഴിൽ പരിശീലനത്തെ സംബന്ധിച്ച് പഠനത്തോടൊപ്പമുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കുട്ടികൾക്ക് ആകർഷകമായിട്ടുള്ള പാർട്ട് ടൈം ജോബിനെക്കുറിച്ച് ഭാവിയിൽ ആലോചിക്കുമോ; വൊക്കേഷണൽ ഹയർസെക്കണ്ടറി മേഖലയിൽ എൻ.എസ്.ക്യൂ.എഫ്-ന്റെ കോഴ്സുകളുടെ പ്രാധാന്യം നടപ്പിലാക്കിയിട്ടുണ്ടോ; അതിലെ നിലവിലെ അവസ്ഥ എന്താണ്?

ശ്രീ. വി. ശിവൻകുട്ടി : സർ, വളരെ പ്രാധാന്യമുള്ള ചോദ്യമാണ് ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചത്. എസ്.എസ്.എൽ.സി

വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി പഠനത്തോടൊപ്പം അവരുടെ അഭിരുചിക്കനുസരിച്ചുള്ള ഒരു തൊഴിൽ മേഖല തെരഞ്ഞെടുക്കുന്നതിനും പരിശീലനം നേടുന്നതിനും സ്കിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിനും എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത കോഴ്സുകൾ അവസരമൊരുക്കുകയാണ്. പഠിതാവിന് അക്കാദമിക് പഠനത്തോടൊപ്പം സാങ്കേതിക നൈപുണികൂടി പ്രാപ്തമാക്കാൻ ഇത് വഴിയൊരുക്കും. 2020-21 അധ്യയന വർഷംമുതൽ കേരളത്തിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ദേശീയ നൈപുണ്യ വികസന ചട്ടക്കൂട് (എൻ.എസ്.ക്യൂ.എഫ്) പദ്ധതി പ്രകാരമുള്ള ജോബ് റോളുകളാണ് തൊഴിലധിഷ്ഠിത വിഷയമായി പഠിപ്പിക്കുന്നത്. 48 സ്കിൽ കോഴ്സുകൾ നിലവിൽ വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ പഠിപ്പിക്കുന്നുണ്ട്. 2023-24 അധ്യയന വർഷംമുതൽ സംസ്ഥാനത്ത് തെരഞ്ഞെടുത്ത സ്കൂളുകളിൽ സ്കിൽ ഡെവലെപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത സ്കിൽ കോഴ്സുകൾ പഠിപ്പിക്കുന്നുമുണ്ട്. റഗുലർ പഠനത്തെ ബാധിക്കാതെ ക്ലാസ് സമയം ക്രമീകരിച്ചാണ് സ്കിൽ ഡെവലെപ്മെന്റ്

സെന്ററുകൾ പ്രവർത്തിക്കുന്നത്. 2024-25- ൽ കൂടുതൽ സ്കിൽ ഡെവലെപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതാണ്. വിവിധ മേഖലകളിൽ ഏറ്റവും പുതിയ ജോബ് റോളുകളുൾപ്പെടെ എൻ.എസ്.ക്യൂ.എഫ്. കോഴ്സുകളാണ് നിലവിൽ നൽകിവരുന്നത്. ഫിറ്റ്നസ് ട്രെയിനർ, ഡ്രോൺ സർവ്വീസ് ടെക്നീഷ്യൻ, ഇലക്ട്രിക് വെഹിക്കിൾ സർവ്വീസ് ടെക്നീഷ്യൻ തുടങ്ങിയവയാണ് കോഴ്സുകൾ. ഗ്രാഫിക് ഡിസൈൻ പോലുള്ള നൂതന കോഴ്സുകളും എൻ.എസ്.ക്യൂ.എഫ്. സ്കിൽ ഡെവലെപ്മെന്റ് സെന്റർവഴി വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുണ്ട്. അത്തരത്തിൽ വളരെ ശക്തമായ ഇടപെടലാണ് ഈ രംഗത്ത് നടത്തിവരുന്നത്.

<u>ശ്രീമതി കാനത്തിൽ ജമീല</u> : സർ, വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് ഉന്നത മേഖലയിലേയ്ക്ക് കടക്കുമ്പോൾ ചില സാങ്കേതിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, എന്താണ് ഇതിന്റെ സാങ്കേതിക പ്രശ്നമെന്ന് അങ്ങ് വ്യക്തമാക്കിയിട്ടില്ല. വിദ്യാർത്ഥികൾക്ക് തൊഴിലിടങ്ങളിൽ നിശ്ചിത

കാലയളവിൽ പരിശീലനം നൽകിവരുന്ന on the Job Training പദ്ധതിയുണ്ട്. പബ്ലിക്, പ്രൈവറ്റ് സെക്ടറുകളിൽനിന്നും പ്രമുഖ കമ്പനികളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സഹകരണത്തോടുകൂടി എല്ലാ അധ്യയന വർഷവും കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ തൊഴിൽമേളകൾ സംഘടിപ്പിക്കാറുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രധാനമായും എൻജിനീയറിംഗ്, പാരാമെഡിസിൻ, അഗ്രികൾച്ചറൽ ആൻഡ് ഫിഷർമാൻ, കോമേഴ്സ് എന്നീ സ്ട്രീമുകളിലെ വിദ്യാർത്ഥികളെയാണ് തൊഴിൽ മേളയിൽ പങ്കെടുപ്പിക്കുന്നത്. മേൽ സൂചിപ്പിച്ച കാറ്റഗറിയിൽ ഉൾപ്പെടുന്ന തൊഴിലുടമകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ നേതൃത്വത്തിൽ ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, വൊക്കേഷണൽ ഗൈഡൻസ് ബ്യൂറോ എന്നീ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കാറുണ്ട്. 2023-24 അധ്യയന വർഷത്തിൽ നടത്തിയ തൊഴിൽ മേളയിൽ 3277 പേർ പങ്കെടുക്കുകയും 511 പേർക്ക് തൊഴിൽ ലഭിക്കുകയും 991 പേർ ഷോർട്ട്

ലിസ്റ്റിലുൾപ്പെടുകയും ചെയ്തിട്ടുണ്ട്. മറ്റു തടസ്സങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെട്ടാൽ ഇടപെടാവുന്നതാണ്.

<u>ശ്രീ. പി. പി. സുമോദ്</u> : സർ, ചെയ്യുന്ന തൊഴിലിനോടുള്ള സംതൃപ്തിയാണ് ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മനോഭാവം. തൊഴിൽ പരിശീലനത്തിനപ്പുറം തൊഴിൽ മനോഭാവം വളർത്തുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, കേരളത്തിൽ ജോലിയുടെ കാര്യത്തിൽ ഓരോരുത്തരും സമീപിക്കുന്ന തൊഴിൽ മനോഭാവത്തിന് മാറ്റം വരുത്തേണ്ടതുണ്ട്. കേരള സമൂഹത്തെ ഒരു വൈജ്ഞാനിക സമൂഹമായി വളർത്തിയെടുക്കുകയെന്നത് നമ്മുടെ സാമൂഹിക ആവശ്യമാണ്. അതോടൊപ്പം പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തുകയെന്നതും പ്രധാനമാണ്. ഇതിനെല്ലാം കഴിയുന്നവിധം സ്കൂൾ വിദ്യാഭ്യാസ ഉള്ളടക്കത്തിൽ പരിവർത്തനം ആവശ്യമാണ്. പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി തൊഴിലിനെ ഉൾച്ചേർത്തുകൊണ്ടുള്ള വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നുണ്ട്. 5, 7, 9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഷയത്തിന്

സഹായകകരമായിട്ടുള്ള പ്രവർത്തന പുസ്തകം തയ്യാറാക്കുകയും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. വിവിധ വിഷയങ്ങളുമായി ബന്ധിപ്പിച്ചാണ് തൊഴിലിനെ ഉൾച്ചേർക്കാൻ ഉദ്ദേശിക്കുന്നത്. തൊഴിൽ ആഭിമുഖ്യവും തൊഴിൽ മനോഭാവവും വളർത്താനുള്ള ശ്രമത്തിന്റെ ഭാഗമാണിത്. ചെറിയ പ്രായത്തിൽതന്നെ വ്യത്യസ്തമായ തൊഴിലുകൾ കണ്ട് പരിചിതമാകാനുള്ള അവസരങ്ങൾ കുട്ടികൾക്കുണ്ടാകേണ്ടതുണ്ട്. അഭ്യസ്ത വിദ്യരായ നല്ലൊരു തൊഴിൽ ശക്തിയെ വികസിപ്പിച്ചുകൊണ്ടു മാത്രമേ വൈജ്ഞാനിക സമൂഹത്തെ സജ്ജമാക്കാനും പ്രാദേശിക സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്താനും കഴിയൂ. അതിനുതകുന്ന വിധത്തിൽ തൊഴിൽ മനോഭാവവും തൊഴിൽ നൈപുണിയും പ്രായത്തിനനുഗുണമായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറാനുള്ള നടപടികളാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 വിഭാവനം ചെയ്യുന്നത്.

**ഓഫീസ് സേവനങ്ങൾ വേഗത്തിലും സുതാര്യവുമാക്കാൻ നടപടി**

(*544) ശ്രീ. എം. എം. മണി :
ശ്രീ. പി. വി. ശ്രീനിജിൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ബാബു (നെന്മാറ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പിന് കീഴിൽ വരുന്ന മുഴുവൻ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ):

(എ) റവന്യൂവകുപ്പിന് കീഴിൽ വരുന്ന 14 ജില്ലകൾ, 27 റവന്യൂ ഡിവിഷണൽ ഓഫീസുകൾ, 78 താലൂക്കുകൾ, 243 സ്പെഷ്യൽ ഓഫീസുകൾ, 1,542 വില്ലേജ് ഓഫീസുകൾ എന്നിവയുൾപ്പെടെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും ഓഫീസ് പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതുമാണ്. എല്ലാ വില്ലേജുകൾക്കും വെബ്സൈറ്റ് തയ്യാറാക്കിയിട്ടുള്ളതും, വിവിധ സർട്ടിഫിക്കറ്റുകൾ, പോക്കുവരവ്, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ, എൻഡോസൾഫാൻ നഷ്ടപരിഹാരം, തരംമാറ്റം തുടങ്ങിയ ഇരുപതോളം വിവിധങ്ങളായ സേവനങ്ങൾ പൊതുജനങ്ങൾക്ക് ത്വരിതഗതിയിൽ ലഭ്യമാകത്തക്ക വിധത്തിൽ e-Governance സംവിധാനം, ടി സേവനങ്ങളുമായി ബന്ധപ്പെട്ടുവരുന്ന ഡിജിറ്റൽ പേയ്മെന്റ് എന്നിവ നടപ്പിൽ വരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ ഭൂനികുതി, കെട്ടിട നികുതി, അധിക നികുതി എന്നിവ ഒടുക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ അധിഷ്ഠിത ഭൂനികുതി പേയ്മെന്റ്

സംവിധാനം നടപ്പിൽ വരുത്തിയിട്ടുള്ളതും നാളിതുവരെയായി 26,000-ഓളം മൊബൈൽ അധിഷ്ഠിത ഓൺലൈൻ പേയ്മെന്റുകൾ നടന്നിട്ടുള്ളതുമാണ്. കൂടാതെ, ഭൂമിയുടെ കാര്യക്ഷമമായ കൈമാറ്റം ഉറപ്പുവരുത്തുന്നതിനും രേഖകളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി (i) ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനം, (ii) ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ, (iii)കോർട്ട് ഇൻഫർമേഷൻ ലിങ്കിംഗ്, സർപ്രൈസ് ഇൻസ്പെക്ഷൻ ഓൺലൈൻ പോർട്ടൽ എന്നീ വിവിധ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും പ്രവർത്തനമികവ് ഉറപ്പു വരുത്തുന്നതിനായി 80-ഓളം വ്യത്യസ്ത സൂചികകളുടെ ഓൺലൈൻ നിരീക്ഷണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികളും, അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനായി പരാതി, പ്രവാസി മിത്രം, റവന്യൂ മിത്രം തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും റവന്യൂ വകുപ്പിന്റെ എല്ലാ ഓൺലൈൻ പോർട്ടലുകളും access ചെയ്യുന്നതിനായുള്ള സിംഗിൾ sign ഓൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, ഡിജിറ്റൽ സർവേയുടെ ഭാഗമായി 200 വില്ലേജുകളുടെ ഡിജിറ്റൽ സർവേയുടെ പൂർത്തീകരണം, ഭൂസംബന്ധമയ പ്രവർത്തനങ്ങളുടെ റവന്യൂ, സർവ്വേ രജിസ്ട്രേഷൻ വകുപ്പുകളുടെ ഡിജിറ്റൽ സംയോജിത പദ്ധതി (ILIMS- രാജ്യത്ത് തന്നെ മാതൃകയാകത്തക്ക വിധത്തിലുള്ള പദ്ധതി), പൊതുജനങ്ങൾക്ക് സർവ്വേ സംബന്ധമായുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം (എന്റെ ഭൂമി) എന്നിവ നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ റവന്യൂ കോടതികളുടെ സമ്പൂർണ ഓട്ടോമേഷൻ, ആധുനിക User Interface/User Experience (UI/UX) സംവിധാനങ്ങളുടെ മികവുൾപ്പെടുത്തിയ സമ്പൂർണ മൊബൈൽ ആപ്പ്, KBT അപ്പീൽ പോർട്ടൽ, റവന്യൂ റിക്കവറി കുടിശ്ശിക തുകയുടെ ഡിജിറ്റൽ പേയ്മെന്റ്, ഈസ് ഓഫ് ഡൂയിങ് ബിസിനസ് സംവിധാനം, ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം, ഗ്രിവൻസ് ആൻഡ് ഇന്നോവേഷൻ പോർട്ടൽ എന്നിവ 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി നടപ്പിൽവരുത്തുന്നതിന് സജ്ജമാക്കിവരുന്നു. കൂടാതെ, പത്തു വിവിധ വിദേശ രാജ്യങ്ങളിലുള്ള പ്രവാസികൾക്ക് ഭൂ

സംബന്ധമായ വിവിധ പേയ്മെന്റുകൾ നടത്തുന്നതിനും വെബ് പോർട്ടലുകൾ സജ്ജമാക്കിവരുന്നു.

ഈസ് ഓഫ് ഡൂയിങ് ബിസിനസ് ആവശ്യമായുള്ള ഏകജാലക സംവിധാനത്തിൽ KSWIFT-റവന്യൂ പോർട്ടലുകളുടെ സംയോജനം ഉറപ്പു വരുത്തിയിട്ടുള്ളതും ആയത് മുഖാന്തിരം തരംമാറ്റം, ഭൂനികുതി ഒടുക്കൽ, ലാൻഡ് സെർച്ച് തുടങ്ങിയ പത്തോളം വിവിധ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) റവന്യൂ വകുപ്പിന് കീഴിൽ വരുന്ന 14 ജില്ലകൾ, 27 റവന്യൂ ഡിവിഷണൽ ഓഫീസുകൾ, 78 താലൂക്കുകൾ, 243 സ്പെഷ്യൽ ഓഫീസുകൾ, 1,542 വില്ലേജ് ഓഫീസുകൾ എന്നിവയുൾപ്പെടെയുള്ള എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും ഓഫീസ് പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതുമാണ്. എല്ലാ വില്ലേജുകൾക്കും വെബ്സൈറ്റ് തയ്യാറാക്കിയിട്ടുള്ളതും, വിവിധ സർട്ടിഫിക്കറ്റുകൾ, പോക്കുവരവ്, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ, എൻഡോ സൾഫാൻ നഷ്ടപരിഹാരം, തരംമാറ്റം തുടങ്ങിയ ഇരുപതോളം

വിവിധങ്ങളായ സേവനങ്ങൾ പൊതുജനങ്ങൾക്ക് ത്വരിതഗതിയിൽ ലഭ്യമാകത്തക്ക വിധത്തിൽ ഇ-ഗവേണൻസ് സംവിധാനം, ടി സേവനങ്ങളുമായി ബന്ധപ്പെട്ടു വരുന്ന ഡിജിറ്റൽ പേയ്മെന്റ് എന്നിവ നടപ്പിൽവരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വീട്ടിൽ ഇരുന്നുകൊണ്ട് തന്നെ ഭൂനികുതി, കെട്ടിട നികുതി, അധിക നികുതി എന്നിവ ഒടുക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ അധിഷ്ഠിത ഭൂനികുതി പേയ്മെന്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുള്ളതും നാളിതുവരെയായി 26,000-ഓളം മൊബൈൽ അധിഷ്ഠിത ഓൺലൈൻ പേയ്മെന്റുകൾ നടന്നിട്ടുള്ളതുമാണ്. കൂടാതെ, ഭൂമിയുടെ കാര്യക്ഷമമായ കൈമാറ്റം ഉറപ്പുവരുത്തുന്നതിനും രേഖകളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനുമായി (i) ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനം, (ii) ഇലക്ട്രോണിക് മോർട്ട്ഗേജ് റെക്കോർഡർ, (iii)കോർട്ട് ഇൻഫർമേഷൻ ലിങ്കിംഗ്, സർപ്രൈസ് ഇൻസ്പെക്ഷൻ ഓൺലൈൻ പോർട്ടൽ എന്നീ വിവിധ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും പ്രവർത്തനമികവ് ഉറപ്പുവരുത്തുന്നതിനായി 80-ഓളം

വ്യത്യസ്ത സൂചികകളുടെ ഓൺലൈൻ നിരീക്ഷണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികളും, അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനായി പരാതി, പ്രവാസി മിത്രം, റവന്യൂ മിത്രം തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും റവന്യൂ വകുപ്പിന്റെ എല്ലാ ഓൺലൈൻ പോർട്ടലുകളും access ചെയ്യുന്നതിനായുള്ള സിംഗിൾ sign ഓൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, ഡിജിറ്റൽ സർവേയുടെ ഭാഗമായി 200 വില്ലേജുകളുടെ ഡിജിറ്റൽ സർവേയുടെ പൂർത്തീകരണം, ഭൂസംബന്ധമായ പ്രവർത്തനങ്ങളുടെ റവന്യൂ, സർവ്വേ രജിസ്ട്രേഷൻ വകുപ്പുകളുടെ ഡിജിറ്റൽ സംയോജിത പദ്ധതി (ILIMS-രാജ്യത്ത് തന്നെ മാതൃകയാകത്തക്ക വിധത്തിലുള്ള പദ്ധതി), പൊതുജനങ്ങൾക്ക് സർവ്വേ സംബന്ധമായി ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം (എന്റെ ഭൂമി) എന്നിവ നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ റവന്യൂ കോടതികളുടെ സമ്പൂർണ ഓട്ടോമേഷൻ, ആധുനിക User Interface/User Experience (UI/UX) സംവിധാനങ്ങളുടെ മികവ് ഉൾപ്പെടുത്തിയ സമ്പൂർണ മൊബൈൽ ആപ്പ്, KBT അപ്പീൽ പോർട്ടൽ, റവന്യൂ റിക്കവറി കുടിശ്ശിക തുകയുടെ ഡിജിറ്റൽ പേയ്മെന്റ്, ഈസ് ഓഫ് ഡൂയിങ് ബിസിനസ് സംവിധാനം, ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം, ഗ്രിവൻസ് ആൻഡ് ഇന്നോവേഷൻ പോർട്ടൽ എന്നിവ 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി നടപ്പിൽ വരുത്തുന്നതിന് സജ്ജമാക്കിവരുന്നു. കൂടാതെ, പത്ത് വിവിധ വിദേശ രാജ്യങ്ങളിലുള്ള പ്രവാസികൾക്ക് ഭൂ സംബന്ധമായ വിവിധ പേയ്മെന്റുകൾ നടത്തുന്നതിനും വെബ് പോർട്ടലുകൾ സജ്ജമാക്കിവരുന്നു.

ഈസ് ഓഫ് ഡൂയിങ് ബിസിനസ് ആവശ്യമായുള്ള ഏകജാലക സംവിധാനത്തിൽ KSWIFT-റവന്യൂ പോർട്ടലുകളുടെ സംയോജനം ഉറപ്പു വരുത്തിയിട്ടുള്ളതും ആയതു മുഖാന്തിരം തരം മാറ്റം, ഭൂനികുതി ഒടുക്കൽ, ലാൻഡ് സെർച്ച് തുടങ്ങിയ പത്തോളം വിവിധ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ശ്രീ. എം. എം. മണി : സർ, റവന്യൂ വകുപ്പിൽനിന്നും ലഭിക്കേണ്ട വിവിധ സേവനങ്ങൾക്ക് അക്ഷയ സെന്റർ മുഖേനയാണ് അപേക്ഷിക്കേണ്ടത്. ഇതിനായി വലിയൊരു തുക ഫീസായി നൽകേണ്ടിവരുന്നു. പ്രസ്തുത കേന്ദ്രങ്ങളിൽ പലപ്പോഴും വലിയ തിരക്ക് അനുഭവപ്പെടുന്നുണ്ട്. അതിനാൽ ഇത്തരം സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് അപേക്ഷിക്കാവുന്ന രീതിയിൽ റവന്യൂ വകുപ്പ് മൊബൈൽ ആപ് കൊണ്ടുവരുന്നതിനുള്ള കാര്യം പരിഗണിക്കാമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. റവന്യൂ സേവനങ്ങൾ പൂർണ്ണമായിട്ടും എല്ലാവർക്കും മനസ്സിലാകുകയെന്ന ധാരണയുടെ അടിസ്ഥാനത്തിൽ ഒരു റവന്യൂ ഇ-സാക്ഷരതയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽ ഭൂനികുതി ഒടുക്കുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ നിലവിൽ ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമായതുവഴി ഏകദേശം 24596 പേയ്മെന്റുകൾ ലഭിച്ചിട്ടുമുണ്ട്. ഈ സാമ്പത്തിക വർഷം ആറായിരത്തോളം പേയ്മെന്റുകൾ വന്നിട്ടുണ്ട്. ബഹുമാന്യനായ അംഗം സൂചിപ്പിച്ചപ്പോലെ ആധുനിക സാങ്കേതികവിദ്യയുടെ

അടിസ്ഥാനത്തിൽ മെച്ചപ്പെട്ട യൂസർ ഇന്റർഫിയറൻസ്, യൂസർ എക്സ്പീരിയൻസ് സാധ്യതകൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് രൂപപ്പെടുത്തിയിട്ടുള്ള പുതിയ മൊബൈൽ ആപ്ലിക്കേഷൻ 100 ദിന പരിപാടികളുടെ ഭാഗമായി തയ്യാറാക്കി വരികയാണ്. മൂന്ന് ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്ന ഈ മൊബൈൽ ആപ്ലിക്കേഷൻ പൂർണ്ണമായി സജ്ജമാകുമ്പോൾ പൊതുജനങ്ങൾക്ക് നേരിട്ട് അവരുടെ മൊബൈലിലൂടെ വളരെ യൂസർ ഫ്രണ്ട്‌ലിയായിട്ട് എല്ലാ ആപ്ലിക്കേഷനുകളും ഡൗൺലോഡ് ചെയ്യാനും പേയ്മെന്റ് നടത്താനും കഴിയുന്ന സംവിധാനമുണ്ടാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. എം. എം. മണി</u>: സർ, ഒറ്റത്തവണ കെട്ടിട നികുതിയടയ്ക്കുന്നതിന് പോർട്ടൽ നിലവിലുണ്ടെങ്കിലും അപ്പീൽ നൽകുന്നതിന് സൗകര്യമില്ല. ഇതിനായി ഒരു പോർട്ടൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. താലൂക്കുതലത്തിൽ തീർപ്പാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതി അപേക്ഷ അപ്പീലായി റവന്യൂ ഡിവിഷൻ മുമ്പാകെ

നൽകുമ്പോൾ അതിനൊരു വെബ് പോർട്ടലില്ല. അതിനുവേണ്ടിയുള്ള വെബ് പോർട്ടലിനായി ഒരു പൈലറ്റ് ടെസ്റ്റിംഗ് പൂർത്തിയായിട്ടുണ്ട്. അപ്പീൽ നൽകുന്ന സമയത്ത് അടക്കേണ്ട 100 രൂപയുടെ ലീഗൽ ബെനിഫിറ്ററി ഫണ്ട്, 50 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് എന്നിവ ഓൺലൈനിലൂടെ അടയ്ക്കാൻ കഴിയുന്ന സംവിധാനത്തോടെയാണ് പ്രസ്തുത പോർട്ടൽ കൊണ്ടുവരുന്നത്. മാത്രമല്ല കക്ഷികൾ അപ്പീൽ നൽകിയാൽ അതിന്റെ സ്റ്റാറ്റസ് അറിയാനുള്ള എസ്.എം.എസ് സൗകര്യവും, ഹിയറിംഗ് നോട്ട് ഡൗൺലോഡ് ചെയ്യാനും അപ്പീൽ ഓർഡർ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യങ്ങളുണ്ട്. ടി സൗകര്യങ്ങളെല്ലാംകൂട്ടി ഒറ്റത്തവണ നികുതിയ്ക്ക് ആർ.ഡി.ഒ. മുമ്പാകെ അപ്പീൽ നൽകുന്നതിനുള്ള എല്ലാ ഘട്ടത്തിലും ഇടപെടാൻ പ്രസ്തുത ആപ്ലിക്കേഷനിലൂടെ സാധിക്കും. ആ പോർട്ടൽ ടെസ്റ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. 100 ദിന പരിപാടിയിൽ അവ പുറത്തിറക്കും.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, രഹസ്യസ്വഭാവം പൂർണ്ണമായും നിലനിർത്തിക്കൊണ്ടുതന്നെ അഴിമതിയും സ്വജനപക്ഷപാതവുമുൾപ്പെടെയുള്ള പരാതികൾ നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച ആപ്ലിക്കേഷനിൽ

നേരിട്ട് പരാതി നൽകാൻ സാധിക്കുന്ന തരത്തിൽ വകുപ്പ് അതു കൈകാര്യം ചെയ്യുമോ?

ശ്രീ. കെ. രാജൻ: സർ, തീർച്ചയായിട്ടും, അത് വളരെ വിശാലമായിട്ടുള്ള ആപ്ലിക്കേഷനായി രൂപീകരിക്കേണ്ടതാണ്. കാരണം പലയിടങ്ങളിലും ഇത്തരം അഴിമതി ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. നിലവിൽ പരാതി എന്ന പോർട്ടലും റവന്യൂ മിത്രവുമുണ്ട്. എന്നാലും രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കാൻ ഇതിലൂടെ കഴിയുന്നില്ലെന്നുള്ള പ്രയാസം നേരിടുന്നുണ്ട്. അതിനാൽ എല്ലാവരുമായി കൂടിയാലോചിച്ച് ഏറ്റവും രഹസ്യമായി ഇത്തരം വിവരങ്ങൾ നൽകുന്നവരുടെ പേരുകളും വിശദാംശങ്ങളും സൂക്ഷിച്ചുവച്ചുകൊണ്ട് അഴിമതിക്കാരായവരെ പുറത്താക്കുക എന്ന നിലവാരത്തിൽ അവർക്കെതിരായി നടപടി സ്വീകരിക്കുന്ന തരത്തിലും ആപ്ലിക്കേഷൻ മന്ത്രി നേരിട്ട് ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ കൊണ്ടുവരും.

ശ്രീ. കെ. ആൻസലൻ: സർ, റവന്യൂ വകുപ്പിലെ മിക്കവാറും സേവനങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഭൂമിയേറ്റെടുക്കൽ വിവിധ ആവശ്യങ്ങൾക്കുവേണ്ടി

പ്രത്യേകം ഡിജിറ്റലായി കൈകാര്യം ചെയ്യുന്നതിനായി ഒരു പോർട്ടൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഇത്തവണ ജില്ലാ, റവന്യൂ അസംബ്ലികളിൽ മഹാഭൂരിപക്ഷം എം.എൽ.എ.മാരും ഉന്നയിച്ച പ്രശ്നം ഭൂമി ഏറ്റെടുക്കലിനെ സംബന്ധിച്ചാണ്. ഞങ്ങളൊരു കണക്ക് നോക്കിയപ്പോൾ, 2011 മുതൽ 2016 വരെ ഏറ്റെടുത്തതിന്റെ ഏത്രയോ ഇരട്ടി ഭൂമിയാണ് കിഫ്ബി വന്നതിനുശേഷം ഏറ്റെടുക്കേണ്ടതായി വരുന്നത്. എല്ലായിടത്തും ഭൂമി ഏറ്റെടുക്കാൻ കിഫ്ബിയുടെ ഭാഗമായി അനുവാദം നൽകുമ്പോൾതന്നെ നേരത്തെ നിലവിലുണ്ടായിരുന്ന ലാൻഡ് അക്വിസിഷൻ ആക്ട് മാറി എൽ.എ.ആർ.ആർ -2013 ലേയ്ക്ക് വന്നതോടുകൂടി Surveys and Boundaries Act പ്രകാരമുള്ള സെക്ഷൻ നോട്ടിഫിക്കേഷൻ കഴിഞ്ഞാൽ എൽ.എ.ആർ.ആർ -2013-ന്റെ നിരവധി ഭാഗങ്ങൾ ഇതിൽ വരികയാണ്. അതിൽ മൂന്ന് പ്രധാനപ്പെട്ട ഘട്ടങ്ങളുണ്ട്. 11 (1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ, 19(1) പ്രകാരമുള്ള ഡിക്ലറേഷൻ, അവാർഡ് എന്നിങ്ങനെയുള്ള ഇതിന്റെ വ്യത്യസ്തങ്ങളായ മൂന്ന് ഘട്ടങ്ങളെയും ഉൾപ്പെടുത്താൻ കഴിയുന്ന ഒരു

വെബ്പോർട്ടൽ കേരളത്തിന്റെ ചരിത്രംതന്നെ മാറ്റാവുന്ന തരത്തിൽ അക്വിസിഷന്റെ മൂന്നുഘട്ടങ്ങളിൽ ഇടപെടാവുന്ന ഒരു വെബ് പോർട്ടലിന്റെ ആദ്യ മൊഡ്യൂളിന്റെ നടപടികൾ സ്വീകരിച്ചുവരികയാണ്. അതായത് നോട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ഇതിലൂടെ അറിയാൻ കഴിയുന്ന വിധത്തിൽ ആദ്യത്തെ മൊഡ്യൂൾ 100 ദിന പരിപാടികൾക്കിടയിൽ പുറത്തിറക്കാം. ഡിക്ലറേഷന്റെയും, അവാർഡിന്റെയും മൊഡ്യൂളുകൾ തുടർന്ന് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പുറത്തിറക്കി വളരെ കൃത്യതയോടുകൂടി ഓൺലൈനായി നടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ലോകത്തെവിടെയുമുള്ള നമ്മുടെ സഹോദരന്മാരായ പ്രവാസികൾക്ക് അവരുടെ ഭൂമിയുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് ഏത് പരാതിയും സമർപ്പിക്കാൻ 'പ്രവാസി മിത്ര' പോർട്ടൽ നടപ്പിലാക്കിയതിനെ ഞാൻ അഭിനന്ദിക്കുന്നു. കഴിഞ്ഞ ലോക കേരള സഭയിൽ ഉയർന്നുവന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്ന് അവരവരുടെ ഭൂമിക്ക് ലോകത്തിന്റെ ഏത്

കോണിലിരുന്നാലും നികുതി അടയ്ക്കാൻ കഴിയാവുന്ന തരത്തിലേയ്ക്കുള്ള പോർട്ടൽ രൂപീകരിക്കപ്പെടണമെന്നതാണ്. അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. അങ്ങുതന്നെ ചെയർ ചെയ്ത ലോക കേരള സഭയിൽ ലോകത്തിന്റെ വ്യത്യസ്തഭാഗങ്ങളിലുള്ള ആളുകളെ നേരിട്ട് കാണാനും അവരുടെ അഭിപ്രായങ്ങൾ കേൾക്കാനും നമുക്ക് അവസരമുണ്ടായി. കേരളത്തിൽ 'പ്രവാസി മിത്രം' എന്ന പദ്ധതി തയ്യാറാക്കി റവന്യൂ വകുപ്പിൽ നൽകിയിട്ടുള്ള അപേക്ഷകളിൽ പ്രവാസികൾക്ക് ഇടപെടാൻ കഴിയുന്ന വിധത്തിലുള്ള സാധ്യതയുണ്ടാക്കി. അപ്പോൾവന്ന മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, കേരളത്തിൽ മലയാളികൾ ചെയ്യുന്നതുപോലെ വിദേശത്തിരുന്ന് ഓൺലൈനായി ഭൂനികുതി അടയ്ക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. ഇത് പരിഹരിക്കാനായി നിലവിലുള്ള ബ്ലോക്ക് മാറ്റിക്കൊണ്ട് പത്ത് വിവിധ വിദേശരാജ്യങ്ങളിലെ പ്രവാസികൾക്ക് ഭൂമി സംബന്ധമായ വിവിധ പേയ്മെന്റുകൾ നടത്തുന്നതിനുവേണ്ടി ഒരു വെബ് പോർട്ടൽ സജ്ജമാക്കിവരികയാണ്. അങ്ങ് ചെയർ ചെയ്യുന്ന ലോക കേരള

സഭയിൽ ഉയർന്നുവന്നതുകൊണ്ട് ഒരു കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തട്ടേ, പത്ത് രാജ്യങ്ങളിലുള്ള ആളുകൾക്ക് നൂറ് ദിന പരിപാടി കഴിഞ്ഞാൽ അവിടെയിരുന്നുതന്നെ ഭൂമിയുമായി ബന്ധപ്പെട്ട പേയ്മെന്റുകൾ നടത്താൻ കഴിയും. അതിൽ യു.കെ., യു.എസ്.എ., കാനഡ, സിംഗപ്പൂർ, സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹ്റിൻ എന്നീ പത്ത് രാജ്യങ്ങളിൽ ഇരുന്നുകൊണ്ടുതന്നെ ഭൂനികുതി അടയ്ക്കാൻ ഈ ആപ്ലിക്കേഷനിലൂടെ സാധ്യമാകും. നമ്മൾ ഇപ്പോൾ അത്തരമൊരു പോർട്ടൽ കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, മലയോര മേഖലയിലെ ജനങ്ങളുടെ പതിറ്റാണ്ടുകളായിട്ടുള്ള സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കാൻ റവന്യൂ വകുപ്പ് കാര്യക്ഷമമായാണ് ഇടപെട്ടുകൊണ്ടിരിക്കുന്നത്. കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കാൻ അവർക്ക് കഴിയുന്നില്ല എന്നുള്ളത് അവശേഷിക്കുന്ന പ്രധാന പ്രശ്നമാണ്. ഇതുസംബന്ധിച്ച് മുമ്പുണ്ടായിരുന്ന ഉത്തരവിനെ ദുർവ്യാഖ്യാനിച്ച് റദ്ദ് ചെയ്യുന്ന നിലയുണ്ടായി. ചന്ദനമൊഴികെ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്ന കാര്യത്തിൽ അങ്ങ് ഇടപെടുമോ;

വകുപ്പിന്റെ പരിഗണനയിൽ ഇതുസംബന്ധിച്ച് പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ?

ശ്രീ. കെ. രാജൻ: സർ, 1964-ലെ ഭൂപതിവ് ചട്ടത്തോടൊപ്പം പട്ടയ ഫോറത്തിൽ റിസർവ് ചെയ്തിട്ടുള്ളത് തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നീ 4 മരങ്ങളാണ്. എന്നാൽ ഇതിന്റെ ചട്ടപ്രകാരം പട്ടയം നൽകുന്ന സമയത്ത് ഭൂമിയിൽ നിലനിൽക്കുന്ന ഇത്തരം വൃക്ഷങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുകയും ഇവയും പിന്നീട് പട്ടയഭൂമിയിൽ നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ മറ്റ് വൃക്ഷങ്ങളും കർഷകൻ സംരക്ഷിക്കണമെന്ന് പട്ടയഫോറത്തിൽ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അതിനെ മറികടക്കാൻ ഗവൺമെന്റ് 24-10-2020-ൽ 261/2020 എന്ന ഉത്തരവ് പുറത്തിറക്കിയെങ്കിലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ആ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത സാഹചര്യത്തിൽ അത് റദ്ദാക്കേണ്ട സ്ഥിതിയുണ്ടായി. കർഷകന് ലഭ്യമാകേണ്ട പട്ടയം കിട്ടിക്കഴിഞ്ഞാൽ ആ ഭൂമിയിൽ നട്ടുവളർത്തിയതും കിളർത്തുവന്നതുമായ മരങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്വവും അവകാശവും പൂർണ്ണമായും കർഷകർക്കുതന്നെയാണെന്നാണ് സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട

അഭിപ്രായം. ഇക്കാര്യത്തിൽ ആവശ്യമായ നിയമപരിശോധന നടത്തിയതിൽ കർഷകരുടെ അവകാശം സംരക്ഷിക്കാൻ ഒരു ഗവൺമെന്റ് ഉത്തരവ് മതിയാകില്ല. ചട്ടത്തിൽ തന്നെ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് കാണുന്നു. അതുകൊണ്ട് ചട്ടത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുകയും അത് നിയമവകുപ്പ് പരിശോധിച്ചുവരികയും ചെയ്യുകയാണ്. സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് ഉടമയ്ക്കുള്ള എല്ലാ അവകാശങ്ങളും പട്ടയഭൂമിയിൽ നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ വൃക്ഷങ്ങളുടെ കാര്യത്തിലും കർഷകർക്ക് ലഭ്യമാക്കുമെന്ന് ഉറപ്പാക്കുന്ന വിധത്തിലുള്ള ഒരു ഭേദഗതിയെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. ചട്ട ഭേദഗതി കൊണ്ടുവരാൻ നിയമവകുപ്പുമായി കൂടിയാലോചിച്ച് എല്ലാ നിയമവശങ്ങളും പരിശോധിച്ചുകൊണ്ടുതന്നെ ആവശ്യമായ നടപടിയെടുക്കുമെന്ന് അറിയിക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഓഫീസ് പ്രവർത്തനങ്ങൾ സുതാര്യവും വേഗത്തിലുമാക്കാൻവേണ്ടി ലക്ഷ്യമിട്ടുകൊണ്ടാണ് സേവനാവകാശ നിയമം പാസ്സാക്കിയത്. ഇന്ന് മിക്കവാറും സ്ഥലങ്ങളിലും സേവനാവകാശനിയമം

പ്രാബല്യത്തിലില്ല. റവന്യൂ വകുപ്പിന്റെ ഓഫീസുകളിൽ സേവനാവകാശ നിയമമനുസരിച്ച് പൗരന്മാർക്ക് ലഭിക്കേണ്ട സേവനങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികളുണ്ടോ; സേവനാവകാശത്തിന്റെ കീഴിൽപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിച്ച് അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള പരിശോധന നടത്താൻ തയ്യാറാകുമോ?

ശ്രീ. കെ. രാജൻ: സർ, കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് അംഗം ഇവിടെ ഉന്നയിച്ചത്. സേവനാവകാശ നിയമം ജനങ്ങളുടെ അവകാശമാണ്. റവന്യൂ വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇത് ലഭ്യമാക്കേണ്ടതുണ്ട്. സെക്രട്ടേറിയറ്റ് മുതൽ താഴേയ്ക്കുള്ള ഒരു വിംഗിന്റെ ഇൻസ്പെക്ഷനിൽ ഈ വിഷയം കൂടി പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം വളരെ ഗൗരവത്തോടുകൂടി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

## സ്മാർട്ട് റോഡ് പദ്ധതി

(*545) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഏതെല്ലാം റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരം റോഡുകളുടെ പ്രവൃത്തികൾ ആധുനികവും ശാസ്ത്രീയവുമാക്കാൻ എന്തെല്ലാം സാങ്കേതികവിദ്യകൾ ഉപയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) കെ.ആർ.എഫ്.ബി. സ്മാർട്ട് സിറ്റി റോഡ് പ്രോജക്ടിന്റെ ഭാഗമായി നവീകരിക്കുന്ന 12 സ്മാർട്ട് റോഡുകളിൽ കലാഭവൻ മണി റോഡ്, മാനവീയം വീഥി എന്നീ റോഡുകളുടെ പണി പൂർത്തിയായി. രണ്ടെണ്ണം ഒഴികെ മറ്റെല്ലാ

റോഡുകളും ഗതാഗതത്തിന് തുറന്നുകൊടുത്തു. കൂടാതെ 25 റോഡുകൾ BM & BC ടാറിംഗ്, ഫുട്പാത്ത്, ഓട എന്നിവ പൂർത്തിയാക്കി തുറന്നുകൊടുത്തിട്ടുണ്ട്.

(ബി) സ്മാർട്ട് റോഡുകളിൽ റോഡിനടിയിലൂടെ ഡക്ടുകൾ നിർമ്മിച്ച് കെ.എസ്.ഇ.ബി ഇലക്ട്രിക് ലൈനുകൾ, BSNL തുടങ്ങിയ കേബിളുകൾ അതിലൂടെ കടത്തിവിടുന്നതിലൂടെ ഇലക്ട്രിക് പോസ്റ്റുകളും മറ്റും ഒഴിവാക്കാനാകും. വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പ് ലൈനുകൾ റോഡിന്റെ ഇരുവശത്തും ഓടയോട് ചേർന്ന് പുന:സ്ഥാപിച്ച് അതിൽനിന്നും കണക്ഷനുകൾ നൽകുന്നതിലൂടെ ഭാവിയിൽ റോഡ് മുറിച്ച് ടാർകട്ട് ചെയ്യുന്നത് ഒഴിവാക്കാനാകും. കൂടാതെ ഫൂട്ട്പാത്ത്, സ്ട്രീറ്റ് ലൈറ്റ്, ഓടകൾ മുതലായ സജ്ജീകരണങ്ങൾ ഉൾപ്പെടുന്നു. തൈയ്ക്കാട് മുതൽ ആൽത്തറ വരെയുള്ള റോഡ് സൈക്കിൾ ട്രാക്ക് ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളോടുകൂടിയാണ് സ്മാർട്ട് റോഡായി പുനർനിർമ്മിക്കുന്നത്. മാനവീയം വീഥി സാംസ്കാരിക ഇടനാഴിയായാണ് വികസിപ്പിച്ചത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയപ്രകാരം (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): രണ്ട് വർഷത്തിനുള്ളിൽ കേരളത്തിലെ

റോഡുകളെല്ലാം അതിമനോഹരമായി മാറുമെന്നുള്ളതിൽ അങ്ങയെ പ്രത്യേകം അഭിനന്ദിക്കുന്നു. വിമാനത്താവളത്തിന്റെ തൊട്ടടുത്ത നഗരമായ മട്ടന്നൂർ ജംഗ്ഷൻ നവീകരണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയെന്ന് അങ്ങ് എന്നോട് പറഞ്ഞിരുന്നു. പക്ഷേ അതിന്റെ ലിസ്റ്റിറങ്ങിയപ്പോൾ മട്ടന്നൂരിന്റെ പേര് അതിൽ കാണുന്നില്ല. ആ ടൗണിലെ മൂന്ന് ജംഗ്ഷനിൽ ബോട്ടിൽനെക്കുപോലെ കിടക്കുന്ന സ്ഥലങ്ങളാണുള്ളത്. നിലവിൽ അവിടെ ട്രാഫിക് പ്രശ്നങ്ങളുണ്ടാകുകയാണ്. മട്ടന്നൂർ ജംഗ്ഷൻ നവീകരിക്കുന്നതിനും റോഡുകൾ മനോഹരമാക്കുന്ന കൂട്ടത്തിൽ മട്ടന്നൂർ ടൗൺ കൂടി മനോഹരവും സൗകര്യപ്രദവുമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എയർപോർട്ടിന്റെ തൊട്ടടുത്തുള്ള ജംഗ്ഷന്റെ നവീകരണം പ്രധാനമാണ്. ഇപ്പോൾ ഇറങ്ങിയ ലിസ്റ്റ് ആദ്യത്തെ ഘട്ടമാണ്. അടുത്ത ലിസ്റ്റിൽ മട്ടന്നൂർ ജംഗ്ഷൻ കൂടി ഉൾപ്പെടുത്തുന്ന സ്ഥിതിയുണ്ടാകും. എയർപോർട്ടുമായി ബന്ധപ്പെട്ട റോഡുകളെന്ന നിലയിൽ പ്രത്യേക പദ്ധതിയുമുണ്ട്. കോഴിക്കോട് ജില്ലയിൽനിന്നും വരാൻ

സൗകര്യമാകുന്ന നിലയിലും കാസർഗോഡുനിന്നും വരുന്നവർക്ക് എത്താൻ പാകത്തിനുമാക്കുന്ന നിലയിൽ പദ്ധതി നടപ്പിലാക്കി മുന്നോട്ടുപോകണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങ് എയർപോർട്ട് റോഡുകളുടെ കാര്യം പറഞ്ഞിട്ടുണ്ട്. 6 എയർപോർട്ട് റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അതിന്റെ ലാന്റ് അക്വിസിഷൻ നടപടി പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. അടിയന്തര നടപടി സ്വീകരിച്ചുകൊണ്ട് റോഡുകൾ പൂർത്തിയാക്കേണ്ടതുണ്ട്. എല്ലാ റോഡുകളും റോമിലേയ്ക്കെന്നുപറഞ്ഞതുപോലെ 6 റോഡുകളും വരുന്നത് മട്ടന്നൂരിലേയ്ക്കാണ്. അതിന്റേതായിട്ടുള്ള നടപടിക്രമങ്ങൾ നേരത്തെ ഈ പ്രദേശത്ത് ആരംഭിച്ചിട്ടില്ലെങ്കിൽ വലിയ ബുദ്ധിമുട്ടാണ് പിന്നീടുണ്ടാകുന്നത്. അതുകൊണ്ട് എയർപോർട്ട് റോഡുകൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിനും അതിനാവശ്യമായ ലാന്റ് അക്വിസിഷനും മറ്റും മട്ടന്നൂർ മേഖലയിലും അടിയന്തരമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഇത് പരിശോധിക്കേണ്ട വിഷയമാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ ഇനിയുള്ള

കാലത്ത് ശ്രദ്ധിക്കേണ്ട പ്രധാന പ്രശ്നമുണ്ട്. ഇത് നമ്മളെല്ലാം ചർച്ചചെയ്യുന്ന വിഷയമാണ്. കുടിവെള്ള പ്രശ്നത്തിനും വൈദ്യുതി ലൈനിനും മറ്റ് ആവശ്യങ്ങൾക്കുമായി റോഡ് കീറി മുറിക്കുകയാണ്. യഥാർത്ഥത്തിൽ പണ്ട് കാളവണ്ടി പോകുന്ന കാലത്തുള്ള വഴികളാണ് പിന്നീട് റോഡായി മാറിയത്. പിന്നീട് റോഡിന്റെ വീതി കൂട്ടുമ്പോൾ പൈപ്പുകൾ കൂടുതൽ കൂടുതൽ റോഡിന്റെ നടുവിലേയ്ക്കാകുകയാണ്. ഇപ്പോൾ ക്രോസ് ഡെക്കുകളും ഡെക്കുകളുമായ റോഡുകൾ നിർമ്മിക്കുകയാണ്. സ്മാർട്ട് സിറ്റി റോഡുകൾ പോലെ പുതിയ റോഡുകളെല്ലാം ഡിസൈൻഡ് റോഡുകളാണ്. അതിന് കൂടുതൽ സ്ഥലം വേണം. തട്ടിക്കൂട്ടിയ റോഡുകൾ അധികം വീതിയില്ലാതെ നിർമ്മിച്ചാൽ കുറച്ചുകാലം കഴിഞ്ഞ് വീണ്ടും പ്രയാസമുണ്ടാകും. പല അനുഭവങ്ങളും നമ്മുടെ മുൻപിലുണ്ട്. ഇത്തരം വിഷയങ്ങൾക്കുള്ള ശാശ്വതപരിഹാരമെന്ന് പറയുന്നത് നല്ല ഡക്കുകളുള്ള നല്ല വീതിയുള്ള റോഡുകൾ എത്ര കാലം വേണമെങ്കിലും ഉപയോഗിക്കാനും ക്രോസ് ഡെക്കായാലും സൈഡായാലും ഏത് കണക്ഷനും വാട്ടർ കണക്ഷനും മറ്റും റോഡ് കീറാതെ ഉപയോഗിക്കാൻ കഴിയും.

നിലയിലുള്ള ഡിസൈൻ റോഡിന് നല്ല സ്ഥലം വേണം. ആ നിലയിൽ സംസാരിച്ച് ഏറ്റെടുത്ത് മുന്നോട്ടുപോകാം.

ശ്രീമതി ഒ. എസ്. അംബിക: സർ, മാനവീയം വീഥി പോലെ ചെറുനഗരങ്ങളിലും മറ്റും സാംസ്കാരിക ഇടനാഴികളുണ്ടാക്കാൻ പൊതുമരാമത്ത് വകുപ്പും ടൂറിസം വകുപ്പും പദ്ധതികൾ തയ്യാറാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും അതുപോലുള്ള റോഡുകൾ ഉണ്ടാക്കണം. വിദേശരാജ്യങ്ങളിൽ നമ്മൾ കാണുന്നതുപോലെ ആളുകൾക്ക് വന്നിരിക്കാനും ഒത്തുകൂടാനുമുള്ള മനോഹരമായ കേന്ദ്രങ്ങൾ അതിന്റെ തൊട്ടടുത്തുണ്ട്. മാനവീയം വീഥിയും കലാഭവൻമണി റോഡും പരിശോധിച്ചാൽ ജനങ്ങൾ ഇത്തരം പദ്ധതികളെ സ്വീകരിക്കുന്നത് എങ്ങനെയാണെന്ന് നമുക്ക് കാണാൻ കഴിയും. അതുപോലെയുള്ള റോഡുകൾ വികസിപ്പിച്ച് കൊണ്ടുവരേണ്ടതുണ്ട്. ജനങ്ങളെ യോജിപ്പിച്ചുകൊണ്ട് അവരുടെ അഭിപ്രായങ്ങൾ ശേഖരിച്ച് തിരുവനന്തപുരം നഗരത്തിലും കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിലും മാനവീയം വീഥി മോഡലിലുള്ള റോഡുകൾ

കൊണ്ടുവരാനുള്ള ആലോചന പൊതുമരാമത്ത് വകുപ്പിന്റെ ഭാഗമായിട്ടുണ്ട് എന്നത് ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ രണ്ട് പ്രധാനപ്പെട്ട സ്മാർട്ട് റോഡുകളാണ് ചെർക്കള - ജാൽസൂർ ഇന്റർസ്റ്റേറ്റ് റോഡും കാഞ്ഞങ്ങാട് - കാസർഗോഡ് സ്റ്റേറ്റ് ഹൈവേയും. തകർന്നുപോയ ഈ രണ്ട് കെ.എസ്.ടി.പി. റോഡുകളും പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, രണ്ട് ദിവസം മുമ്പ് കെ.എസ്.ടി.പി-യുടെ യോഗം ചേർന്ന് ഈ പദ്ധതികളെല്ലാം റിവ്യൂ ചെയ്തിട്ടുണ്ട്. ആ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. ഇക്കാര്യം പരിഹരിക്കാനുള്ള ഇടപെടൽ നടത്താം.

ശ്രീ. എം. നൗഷാദ്: സർ, നഗര റോഡ് വികസന പദ്ധതികൾക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിക്കുമോ; കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റിന്റെ നിലവിലുള്ള സ്ഥിതിയെന്താണെന്ന് വിശദമാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. അതിൽ കൊല്ലം സിറ്റി റോഡും ഉൾപ്പെടും. പ്രത്യേകിച്ച് ധനകാര്യമന്ത്രിയും അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് ആ നിലയിൽ കണ്ട് മുന്നോട്ടുപോകാനാണ് നിശ്ചയിച്ചിട്ടുള്ളത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

മി. സ്പീക്കർ: ഈ സഭാ സമ്മേളനത്തിൽ 115 അംഗങ്ങൾക്കും സഭയിൽ ചോദ്യങ്ങളുന്നയിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.